# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 8 പേജുകൾ 48 നവംബർ 2021



- ഇന്ധന വിലയിലെ കൊള്ള
- റെയ്ഞ്ചിലായ വിലാസം
- തുറക്കുന്നതിന്റെ ഉദ്വേഗം

- 18 കവിതകൾ
- കാർട്ടൂൺ കേരളം
- റിഥം ഓഫ് ലൈഫ്

YOGLOANS Building Better Lives അവതരിപ്പിക്കുന്നു **Gold Super Saver Scheme**

1000 രൂപക്ക് പ്രതിമാസം 8.25 രൂപ മാത്രം പലിശ • ദിവസേന കളക്ഷൻ സൗകര്യം. • വായ്പ നിന്ന ദിവസത്തേക്ക് മാത്രം പലിശ. വീട്ടിൽ ഇരുന്നു ഓൺലൈൻ ഇടപാട് നടത്താവുന്നതാണ്. • മറ്റു സ്ഥാപനങ്ങളിൽ ഇരിക്കുന്ന സ്വർണ പണയങ്ങൾ മാറ്റി വയ്ക്കാൻ സഹായിക്കുന്നു.

*for more details, Give a missed call to -Kerala : 0487 3500101 Tamilnadu : 0487 3500102 Karnataka : 0487 3500103* വാർഷിക പലിശ 9.9% മാത്രം


YOGLOANS
Building Better Lives
YOGLOANS PRESENTS
Gold Super Saver Scheme
GOLD
SUPER SAVER
SCHEME
Monthly Interest 8.25% only for ₹1000
• Online facility available
• Gold loan take over available
വാർഷിക
പലിശ
9.9%
മാത്രം
for more details, Give a missed call to
Kerala : 0487 3500101 Tamilnadu : 0487 3500102 Karnataka : 0487 3500103




**മുഖച്ചിത്രം:**

**താര പ്രഭാകർ**

കണ്ണൂർ സ്വദേശി. കവയത്രി. അദ്ധ്യാപിക. GM International School, Perumbavoor ന്റെ Principal. 'ചിന്താക്ഷരങ്ങൾ' എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിലും മാസികകളിലും നവ മാധ്യമങ്ങളിലും എഴുതാറുണ്ട്. ആകാശവാണിയിൽ പ്രഭാഷണങ്ങൾ നടത്താറുണ്ട്.

---


ഓഫീസ്:

**വ്യാപാരകേരളം**

**(സമ്പൂർണ്ണ മാസിക)**

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി.ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**


# എഡിറ്റേഴ്സ് പേജ്



**കേ**രളപിറവി ദിനത്തിലാണ് പുതിയലക്കം മാസിക പുറത്തിറങ്ങുന്നത്. കോവിഡ് മൂലമുണ്ടായ അടച്ചിടലിനുശേഷം സ്കൂളുകളും ഇന്നു തുറക്കും. സ്കൂൾ കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകാവുന്ന സാഹചര്യം ഇപ്പോൾ ഇല്ല. പ്രതിരോധശേഷി വർധനക്ക് ഹോമിയോ മരുന്നിനെയാണ് കുട്ടികൾ ആശ്രയിക്കുന്നത്.

വളർച്ച മുരടിപ്പിച്ച അടച്ചിടലും, തുറക്കുന്നതിന്റെ ഉദ്വേഗവും ഈ ലക്കം സമകാലികത്തിൽ ശ്രീ. ഫ്രാങ്കോ ലൂയിസ് ചർച്ച ചെയ്യുന്നുണ്ട്. ഇന്ധനവിലയിലെ കൊള്ളക്ക് അവസാനമാകാത്തതിനാൽ പകച്ചുപോയ ജനതയുടെ ഇല്ലായ്മയുടെ കഥകളും സമകാലികത്തിന് വിഷയമായിട്ടുണ്ട്. പ്രളയം തകർത്ത ജീവിതരേഖകളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പൊയ്പ്പോയ സൗമ്യകാലവും പരിഷ്കാരം തേച്ചുമിനുക്കിയ പുതു ജനജീവിതരീതികളും ശ്രീ. രാജൻ എലവത്തൂർ ലേഖനത്തിന് വിഷയമാക്കിയിരിക്കുന്നു. റിഥം ഓഫ് ലൈഫ്, കാർട്ടൂൺ കേരളം പംക്തികളും പുതിയ ലക്കത്തെ സമ്പന്നമാക്കുന്നുണ്ട്.

മുൻലക്കങ്ങളിൽ എഴുതിയ പലരുടേയും രചനകൾ അച്ചടിമാധ്യമങ്ങളിൽ വന്നുതുടങ്ങിയിട്ടുണ്ട്. അവർക്കൊരു പ്രാരംഭ കളരിയായി മാറാൻ മാസികയ്ക്ക് സാധിച്ചുവെന്നത് ചാരിതാർഥ്യജനകമാണ്. അതോടൊപ്പം ലബ്ധപ്രതിഷ്ഠരായവരുടെ രചനകൾ പ്രസിദ്ധീകരിക്കുന്നതിനും മാസികയ്ക്ക് സാധിച്ചു.

പുതിയ ലക്കത്തിൽ 18 കവിതകളുണ്ട്. വായനയുടെ ഓർമ്മത്താളുകളിൽനിന്നും എസ്.കെ. പൊറ്റെക്കാട്ടിനെ കണ്ടെടുക്കുന്നു നിത്യലക്ഷ്മി. ഓൺലൈൻ എഴുത്തുശാഖയിൽ മിന്നും താരങ്ങളെ കണ്ടെത്തുന്നതിനും തുടക്കക്കാർക്ക് ആത്മബോധത്തിന്റെ ചെറുകനൽ ഊതിക്കൊടുക്കുവാനും മാസികയുടെ പ്രയാണം തുടരേണ്ടതുണ്ട്. അതിനുള്ള നിരന്തര പരിശ്രമത്തിലാണ് അണിയറ പ്രവർത്തകർ.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






രാജേശ്വരി തുളസി

# അകത്താളുകളിൽ


| കാർട്ടൂൺ കേരളം | പേജ് |
|---|---|
| രാജേശ്വരി തുളസി: | 3 |
| **ലേഖനം/പംക്തി** | |
| തുറക്കൽ: ഫ്രാങ്കോ ലൂയിസ്: | 8 |
| ജിയോ ഫ്രെഡ്: തേജശ്രീ: | 17 |
| കുതിയച്ചുപായുമ്പോൾ: രാജൻ എലവത്തൂർ | 22 |
| ഓർമയിലെ വായനകൾ: നിത്യലക്ഷ്മി | 33 |
| **കഥ** | |
| ജെയ്സൺ കെ. | 35 |
| അഭിലാഷ് കാളികാട്ട് | 39 |
| കൃഷ്ണകുമാർ മാപ്രാണം | 40 |
| മാഗ്ളിൻ ജാക്സൺ | 42 |
| **കവിത** | |
| തസ്നി ജെബീൽ | 5 |
| എം. കപിൽദേവ് | 6 |
| സെയ്തലവി വിളയൂർ | 7 |
| എ. കെ. അനിൽകുമാർ | 12 |
| ബൈജു റാഫേൽ ആലുവ | 13 |
| ദീപ ദിനേശ് | 14 |
| രാജൻ സി. എച്ച്. | 15 |
| ഉണ്ണികൃഷ്ണൻ മുതുകുളം | 16 |
| അനിത അമ്മാനത്ത് | 20 |
| രാജീവൻ മുണ്ടിയോട് | 21 |
| ശിവൻ തലപ്പുലത്ത് | 25 |
| അലിഷ മാഹിൻ | 26 |
| രഹന | 27 |
| ഷംല ജഹ്ഫർ | 28 |
| നിഥിൻകുമാർ ജെ. പത്തനാപുരം | 29 |
| വി. ജി. മുകുന്ദൻ | 30 |
| പ്രിൻസ് ടി. എം. | 31 |
| ഗീത ജയകുമാർ | 32 |
| സുഹൈൽ ജഫനി | 46 |
| ശഫീഖ് അബ്ദുല്ല | 47 |
| താരപ്രഭാകർ | 48 |



# ഓർമ്മയുടെ തീരത്ത്

കാലചക്രം കടന്നുപോയ് വേഗേന
കാതമൊരുപാട് താണ്ടിയീ ജീവിതം
ഓർമ്മനിറയുന്ന പ്രിയമെഴും തീരത്ത്
ഏറെ നാളുകൾ പിന്നിട്ടു വന്നു ഞാൻ .

നാട്ടുചെമ്മൺപാതകൾ നീളെയും
പൂത്തമാമരച്ചെടികളുമിന്നില്ല
വീശിയെത്തുന്ന കാറ്റിലായൊഴുകുന്ന
കാട്ടുചെമ്പകഗന്ധവും മാഞ്ഞുപോയ്

കനലുവീണു ചിതറുന്ന പാതതൻ
കഠിനചൂടിനാൽ പിടയുന്നു പാദങ്ങൾ
പണ്ടു വിദ്യാലയം വിട്ടോടിവന്നിട്ടുള്ള
പഴയവീടിന്റെ പടിവാതിലിലെത്തി ഞാൻ

പതിവുപോൽ പുഞ്ചിരിതൂകും മുഖവുമായ്
പുണരുവാൻ വരുമമ്മയെത്തിരയവേ
ആ ബാല്യകാലമിന്നെങ്ങോ മറഞ്ഞെന്ന-
യോർമ്മയാലേ മിഴികൾ തുളുമ്പിയോ ?

മധുരമാമ്പഴം കൊതിയാൽ നുണഞ്ഞുള്ള
തണൽവിരിച്ചൊരാ മാവിന്റെ ചില്ലയും
പടികടന്നയാ വസന്തത്തിന്നോർമ്മപോൽ
വാടിവീണു കരിഞ്ഞിന്നു മുറ്റത്ത്

പടിയിറങ്ങി ഞാൻ മൗനമായ് യാത്രയായ്
പഴയ വിദ്യാലയത്തിരുമുറ്റത്ത് ചെല്ലവേ
എവിടെനിന്നോരൊരാരവം കേട്ടപോൽ
പരതി ഞാനെങ്കിലുമാരുമില്ല ചുറ്റും

ഒരു മരത്തിലായൊന്നിച്ച പക്ഷികൾ
പലവഴികൾ തോറും പറന്നുപോയെന്നപോൽ
വിജന മൂകമാണിവിടെയെന്നാകിലും
മനസ്സിൽ മുഴങ്ങുന്നുയലയൊലികളിപ്പോഴും .

കളികഴിഞ്ഞു വിയർത്തു ദാഹത്താലെ
മധുരജലം കോരിക്കുടിച്ച തൊടിയിലെ
കിണറിൽ പായൽ പുതഞ്ഞുവെന്നാകിലും
കരളിൽ നിൽപ്പുണ്ട് തെളിനീരുപോൽ ചിത്രങ്ങൾ .

നിറയുമോർമ്മയാൽ വിങ്ങുന്ന നെഞ്ചുമായ്
പതിയെ യാത്രാമൊഴി ചൊല്ലിയകലവേ
പഴയമണ്ണിലായ് തങ്ങിയെൻ മാനസം
തിരികെ വരാതെ മടിക്കുന്നതെന്തിനോ ?



തസ്നി ജബീൽ

# സമര പഞ്ചകം

**ഒന്ന് -: ചാട്ടുളി**

ഞാൻ നിനക്കൊരു ചാട്ടുളി തരാം.
അധികാരത്തിന്റെ പരുക്കൻ
ശിലകളിൽ
ഇനി
ആഞ്ഞാഞ്ഞ് കൊത്തുക.........

**രണ്ട് -: പാട്ട്**

ഞാൻ നിനക്കൊരു പാട്ടു തരാം.
കൂട്ടുകാരുമൊത്ത്
പാടുക.
കിളികളേയും കൂടെ കൂട്ടുക.......

**മൂന്ന് -: വിത്ത്**

ഞാൻ നിനക്കൊരു വിത്തുതരാം.
പുതിയ വയലുകളിൽ
അത്
വിതറുക.
വസന്തത്തിന് കാതോർക്കുക........

**നാല് -: കൊടി**

ഞാൻ നിനക്കൊരു കൊടി തരാം.
വർണ്ണ രഹിതമായ
അതിന്മേൽ
രൂപ രഹിതമായ
ആത്മാവിന്റെ അടയാളമിടുക........

**അഞ്ച്-: പേര്**

ഞാൻ നിനക്കൊരു പേര് തരാം.
പുഴയുടെ നീളമുള്ള പേര്.
ആകാശത്തിന്റെ
അനന്തതയും
കടലിന്റെ അഗാധതയും
കൊടുമുടികളുടെ ഗരിമയും
അതിൽ ഒളിപ്പിച്ചു വെയ്ക്കാതിരിക്കുക.........



എം. കപിൽദേവ്



# പട്ടി



ചിലർക്ക് ചിലരെ
പിടിക്കാതാവുമ്പോഴാണ്
പട്ടിക്ക് മനുഷ്യനേക്കാൾ
വിലയുയരുന്നത്..
ഒന്നുമല്ലെന്ന് കരുതി
അവഗണിച്ചാലും
പട്ടി പലയിടങ്ങളിലും
അറിയാതെ കയറിപ്പറ്റുന്നുണ്ട്..
അതുകൊണ്ടാണ്
ചില ശബ്ദങ്ങളെയെങ്കിലും
ഏറു കൊണ്ട പട്ടിയോട്
ഉപമിക്കപ്പെടുന്നത്..
പട്ടികളെ പോലെ
വാലാട്ടുന്നതിനാലാണ്
നിലപാടുകളില്ലാഞ്ഞിട്ടും
പലർക്കും പലരും
പ്രിയങ്കരരാവുന്നത്..
ഇരിക്കേണ്ടിടത്ത്
ഇരുന്നില്ലെങ്കിൽ
അവിടെ കയറിയിരിക്കുന്നതും
ഇതേ പട്ടിയാണ്..
എത്ര ഉപമകളുണ്ടായാലും
ചില മരണങ്ങളെ
തെരുവിൽ കിടന്ന് ചാവുന്ന
പട്ടിയോട് ഉപമിക്കാനാണ്
ശപഥങ്ങൾക്കിഷ്ടം..
അതിരു കവിയുന്ന
ദേഷ്യത്തിലും
ഉച്ചാരണം തെറ്റാതെ
ഉരുവിടുന്നതും
പട്ടിനാമം തന്നെ..
'എന്റെ പട്ടി ചെയ്യു'മെന്ന
കനത്ത പ്രയോഗങ്ങളിൽ
കൽപനകളുടെ മുനയൊടിയുമ്പോഴും
താരമാകുന്നത്
പട്ടി തന്നെ..
അരിയും തിന്ന്
ആശാരിച്ചിയെയും കടിച്ച്
പിന്നെയും മുന്നോട്ട് പോകാൻ
ധാർഷ്ട്യങ്ങൾക്ക് കൂട്ടായി
പട്ടി തന്നെ വേണം..
പലതിന്റെയും പ്രതീകമാവാൻ
മറ്റൊന്നിനുമാകാത്തതിനാലാണ്
പട്ടിക്ക് പിന്നെയും
മൂല്യമുയരുന്നത്..



സെയ്തലവി വിളയൂർ

**അടച്ചുപൂട്ടലുകൾകൊണ്ട് വീർപ്പുമുട്ടിയ ലോകം മലർക്കെ തുറന്നിടുകയാണ്. തുറക്കലുകളിലൂടെ ആഗോള സാമ്പത്തിക വ്യവസ്ഥ വീണ്ടെടുപ്പിനുള്ള കുതിപ്പു തുടങ്ങിയിരിക്കുന്നു.**



# തുറക്കൽ





ഫ്രാങ്കോ ലൂയിസ്

**അ**ടച്ചുപൂട്ടലുകൾകൊണ്ട് വീർപ്പുമുട്ടിയ ലോകം മലർക്കെ തുറന്നിടുകയാണ്. തുറക്കലുകളിലൂടെ ആഗോള സാമ്പത്തിക വ്യവസ്ഥ വീണ്ടെടുപ്പിനുള്ള കുതിപ്പു തുടങ്ങിയിരിക്കുന്നു. കോവിഡ് വ്യാപന ഭീതി മൂലം രണ്ടു വർഷമായി അടച്ചിട്ട സ്റ്റേഡിയങ്ങൾ തുറന്നു. സ്റ്റേഡിയങ്ങൾ നിറയേ കാണികളുമായി ക്രിക്കറ്റും ഫുട്ബോളും അടക്കമുള്ള മാമാങ്കങ്ങൾ കായികലോകം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ദുബായിയിൽ ഐസിസി ലോകകപ്പ് ക്രിക്കറ്റ് മൽസരവും ഇംഗ്ലണ്ടിലെ പ്രീമിയർ ലീഗ് ഫുട്ബോൾ മൽസരവും തിങ്ങിനിറഞ്ഞ സ്റ്റേഡിയങ്ങളിൽ ആർപ്പുവിളികളോടെയാണ് ജനം കണ്ടത്. ലക്ഷത്തിലേറെ കാണികൾ. ലോകത്തെ മുഖാവരണം അണിയിച്ച കോവിഡ് വൈറസുകളെ വാക്സിൻ പോരാട്ടത്തിലൂടെ തുരത്തിയെന്ന ആശ്വാസത്തോടെ മാസ്കുകൾപോലും ഇല്ലാതെയാണ് ജനം സ്റ്റേഡിയങ്ങളിൽ ആർത്തിരമ്പിയത്.

ആരോഗ്യത്തിനു ഭീഷണിയാകാതെ തുറക്കലുകളുമായി ലോകം മുന്നോട്ടു പോയേ തീരൂ. വാക്സിൻ നൽകുന്നതിൽ ലോക റിക്കാർഡിട്ടുകൊണ്ടാണ് ഇന്ത്യയുടെ മുന്നേറ്റം. 139 കോടി ജനങ്ങളുള്ള ഇന്ത്യയിൽ നൂറു കോടി ഡോസ് വാക്സിനേഷൻ പൂർത്തിയാക്കിയതിന്റെ ആഘോഷം നാം കണ്ടു. 3.46 കോടി ജനങ്ങളുള്ള കേരളത്തിൽ 3.75 കോടി ഡോസ് വാക്സിനാണു നൽകിയത്. കേരളത്തിൽ 1.28 കോടി പേരാണ് കോവിഡ് വാക്സിന്റെ രണ്ടു ഡോസും നേടിയത്. ഒക്ടോബർ 25 ലെ കണക്കനുസരിച്ച് കേരളത്തിലെ രണ്ടു കോടിയിലേറെ പേർ രണ്ടാം വാകിസൻ കിട്ടാതെ പുറത്താണ്.

വാക്സിനിലൂടെ കോവിഡിനെതിരായ പ്രതിരോധ ശേഷി നേടിയെന്ന ആത്മവിശ്വാസത്തോടെ വിമാന, ട്രെയിൻ യാത്രകളും ബസ് യാത്രകളുമെല്ലാം സാധാരണ നിലയിലെത്തി. യാത്രക്കാർ തിക്കിത്തിരക്കാൻ തുടങ്ങി. വിനോദ കേന്ദ്രങ്ങൾ തുറന്നു. ഇക്കുറി കാഷ്മീരിലേക്കാണ് യാത്രക്കാരുടെ അഭൂതപൂർവമായ തിരക്കുണ്ടായത്.

സിനിമാ തിയേറ്ററുകളും ബാറുകളും വിദ്യാലയങ്ങളുമെല്ലാം തുറന്നു. കേരളത്തിൽ കടുത്ത നിയന്ത്രണങ്ങളോടെയാണു തുറക്കൽ. പകുതിയിലേറെ ജനങ്ങൾക്കു കോവിഡ് വാക്സിൻ നൽകാൻ കഴിയാത്ത കേരളത്തിൽ എല്ലാം തുറന്നിടാൻ ധൈര്യമില്ല. വാക്സിൻ കൂടുതൽ ലഭ്യമാക്കാനും അധികാരികൾക്കു കഴിയുന്നില്ല.

കടുത്ത നിയന്ത്രണങ്ങൾമൂലം വീർപ്പുമുട്ടുന്നത് വിദ്യാലയങ്ങളുടെ നടത്തിപ്പുകാരും അധ്യാപകരുമാണ്. കുട്ടികളെ ക്ലാസ് മുറികളിലേക്ക് എത്തിക്കുന്നതു മുതൽ തിരിച്ചെത്തിക്കുന്നതുവരെ എല്ലാം വളരെ റിസ്കുള്ളതും ചെലവേറിയതുമായി. സ്കൂൾ ബസുകളിൽ പഴയതുപോലെ തിക്കിത്തിരക്കിയുള്ള യാത്ര പാടില്ല. ബസുകളുടെ സർവീസുകൾ ഇരട്ടിയോ മൂന്നിരട്ടിയോ ആക്കണം. ഡീസൽ ലിറ്ററിന് 70 രൂപയായിരുന്നപ്പോൾ നിർത്തിവച്ച സ്കൂൾ ബസ് സർവീസ് പുനരാരംഭിക്കുമ്പോൾ വില നൂറിലേറെയാണ്. കുട്ടികളിൽനിന്ന് മൂന്നിരട്ടി ചാർജ് ഈടാക്കിയാലേ നഷ്ടമില്ലാതെ ബസ് സർവീസ് നടത്താനാകാവൂവെന്നാണ് സ്കൂൾ അധികാരികളുടേയും പിടിഎയുടേയും നിലപാട്.

ഓരോ ബെഞ്ചിൽ ഓരോ കുട്ടിയെ മാത്രം ഇരുത്തി ഉച്ചവരെ മാത്രമാണു ക്ലാസ്. അതെങ്ങനെ നടത്താനാകുമെന്ന ആശങ്കയിലാണ് അധ്യാപകർ. കേരളപ്പിറവി നാളായ നവംബർ ഒന്നു മുതൽ വിദ്യാലയങ്ങളിൽ കൂടിപ്പഠിക്കാനും ഓടിക്കളിക്കാനും എത്തുന്ന കുട്ടികൾക്ക് ആഹ്ലാദം. എന്നാൽ രക്ഷിതാക്കൾക്ക് ആശങ്കയാണ്. എല്ലാ ഉത്തരവാദിത്വവും തങ്ങൾ ഏറ്റെടുത്തെന്ന സത്യവാങ്മൂലം രക്ഷിതാക്കളിൽനിന്ന് എഴുതി വാങ്ങിയാണ് വിദ്യാലയ അധികാരികൾ കുട്ടികളെ ക്ലാസുകളിലേക്ക് പ്രവേശിപ്പിക്കുന്നത്.

ഓൺ ലൈൻ ക്ലാസുകളിൽ മാത്രമായി പഠിച്ച വിദ്യാർഥികളുടെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയത്തിലും പ്ലസ് വൺ നേടിയവരുടെ റിക്കാർഡ് പ്രളയത്തിൽ എല്ലാവരും ആഹ്ലാദിച്ചെങ്കിലും പ്ലസ് വൺ പ്രവേശനം അവരെയെല്ലാം കണ്ണീരിലാക്കി. എല്ലാ വിഷയത്തിലും എ പ്ലസ് നേടിയവർക്കുപോലും ഇഷ്ട വിഷയങ്ങളിലേക്കു പ്രവേശനം ലഭിച്ചില്ല. സീറ്റുകൾ വർധിപ്പിക്കുമെന്നാണു സർക്കാരിന്റെ പ്രഖ്യാപനം. സീറ്റു വർധിപ്പിച്ചാൽ പ്രവേശനം നൽകാനാകും. എന്നാൽ ക്ലാസ് നടത്തണമെങ്കിൽ കൂടുതൽ ക്ലാസ് മുറികളും ബഞ്ചും ഡസ്കും വേണം. അവരെ പഠിപ്പിക്കാൻ കൂടുതൽ അധ്യാപരേയും നിയമിക്കണം. ഇതൊന്നും ഇല്ലാതെയുള്ള സീറ്റു വർധന എങ്ങനെ ഗുണംചെയ്യും?

സ്കൂൾ കുട്ടികൾക്കു തത്കാലം വാക്സിൻ കിട്ടില്ല. പകരം ഹോമിയോ മരുന്നു നൽകിയിട്ടുണ്ട്. പ്രതിരോധ ശേഷി വർധിക്കുമെന്ന സർക്കാരിന്റെ അവകാശവാദം അലോപ്പതി ഡോക്ടർമാർക്ക് അത്ര രുചിച്ചിട്ടില്ല.

എന്തെല്ലാമായാലും കാമ്പസുകൾ ഉണരട്ടെ. കളിച്ചും പഠിച്ചും കുട്ടികൾ വളരട്ടെ. വീട്ടുമുറിയിലെ ഓൺലൈൻ ക്ലാസുകളിൽ അടിച്ചിട്ടാൽ വളർച്ച വിളർച്ചയോടെയാകാം. കാമ്പസിന്റെ വിശാലമായ അറിവിടങ്ങളിൽ അവർ പറന്നുല്ലസിക്കട്ടെ.

അടിക്കടിയുള്ള അടച്ചിടൽ നയങ്ങൾമൂലം തൊഴിലും വരുമാനവും ഇല്ലാതെ നിലംപരിശായ ജനങ്ങളും വീണ്ടെടുപ്പിന്റെ വഴിയിലാണ്. ജനജീവിതം സാധാരണ നിലയിലാക്കേണ്ടത് നാടിന്റെ അനിവാര്യതയാണ്. അകലം പാലിച്ചും മാസ്ക് ധരിച്ചും സോപ്പിട്ടു കൈകഴുകിയും ജാഗ്രതയോടെ മുന്നേറാം.

## പേമാരിയും പ്രളയവും

തുലാവർഷം കഴിഞ്ഞ് മഞ്ഞുകാലം ആരംഭിക്കേണ്ട സമയമായി. എന്നാൽ തുലാവർഷം ആരംഭിച്ചതേയുള്ളൂവെന്നാണു കാലാവസ്ഥാ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.

കഴിഞ്ഞ മൂന്നു വർഷമായി കാലവർഷവും ഓഗസ്റ്റ് പകുതിയോടെ വന്നെത്തിയിരുന്ന പ്രളയം ഇക്കുറി പല അവസരങ്ങളിലായാണ് കേരളത്തിലെത്തിയത്. അറബിക്കടലിൽ മാറിമറിയുന്ന ന്യൂനമർദം കേരളത്തിലെ മണസൂണിനെ നിയന്ത്രിക്കുന്ന അവസ്ഥയാണ്. ന്യൂനമർദംമൂലമുണ്ടായ പെരുമഴയിൽ പലയിടത്തും ഉരുൾപൊട്ടി. നിരവധി പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. വെള്ളം കവിഞ്ഞൊഴുകിയ റോഡിലൂടെ ഓടിച്ചുപോയ വാഹനങ്ങൾ പലതും ഒഴുകിപ്പോയി. ഡാമുകൾ നിറഞ്ഞു. അപകടകരമായ അവസ്ഥയിൽ എത്തുന്നതിനു മുമ്പേ അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്ന് വെള്ളം തുറന്നുവിട്ടു. ഉരുൾപൊട്ടലുകളിലേതടക്കം കാലവർഷക്കെടുതികളിൽ ഇത്തവണ മരിച്ചത് 55 പേരാണ്.

പ്രളയ കാലത്ത് ഒരു കൂട്ടർ പതിവായി

പരിസ്ഥിതി സംരക്ഷണ നിലവിളിയുമായി രംഗത്തുവരാറുണ്ട്. മഴ പെയ്യുന്നതും പെയ്യാതിരിക്കുന്നതുമെല്ലാം പരിസ്ഥിതിയെ തകർത്തതുകൊണ്ടാണെന്നാണ് ഇക്കൂട്ടരുടെ വിലാപം. മഴവെള്ളം മലമുകളിൽനിന്ന് താഴേക്ക് ഒഴുകുന്നതും അതിനൊപ്പം മണലും മണ്ണും ചളിയും കല്ലുമെല്ലാം ഉരുണ്ടു താഴേക്കെത്തുന്നതുമെല്ലാം സ്വാഭാവികമാണ്. വെള്ളം ഒഴുകാൻ യോജ്യമായ നീർച്ചാലോ പുഴയോ ഇല്ലെങ്കിൽ പുതിയതു രൂപപ്പെടുത്തും. അതിനും വഴിയില്ലെങ്കിൽ കെട്ടിക്കിടക്കും.

മലനിരകളിൽനിന്ന് ഒഴുകിയെത്തുന്ന വെള്ളത്തിനൊപ്പം മണലും മണ്ണും ചളിയുമെല്ലാം ഉണ്ടാകും. ഒഴുകുന്നിടങ്ങളിൽ കുറേ അടിഞ്ഞുപോകും. കേരളത്തിലെ പുഴകളെല്ലാം ഇങ്ങനെ മണലും മണ്ണും ചളിയും നിറഞ്ഞ് വെറും നിർച്ചാൽ മാത്രമായി. നീരൊഴുക്കു തടസപ്പെട്ടിരിക്കുന്നു.

പുഴയിലെ മണലും മണ്ണും നിയന്ത്രിതമായി നീക്കം ചെയ്തില്ലെങ്കിൽ വരുംവർഷങ്ങളിൽ പ്രളയസാധ്യത വർധിച്ചുകൊണ്ടിരിക്കും. പുഴകളിലേതു മാത്രമല്ല, അണക്കെട്ടുകളിലെ മണലും മണ്ണും നിയന്ത്രിതമായി നീക്കേണ്ടതുണ്ട്. അണക്കെട്ടുകളുടെ സംഭരണശേഷിയുടെ കാൽ ഭാഗത്തോളം മണ്ണും മണലും നിറഞ്ഞിരിക്കുകയാണ്. സംഭരണശേഷി കുറഞ്ഞു. ഡാമുകളിലെ മണൽ നീക്കം ചെയ്യാൻ സർക്കാരും വിദഗ്ധ സമിതിയും ദശാബ്ദം മുമ്പേ തീരുമാനിച്ചെങ്കിലും ആദായകരമല്ലെന്ന പേരിൽ കരാറുകാർ പിന്മാറി. അടിഞ്ഞുകൂടിയ മണ്ണും ചളിയും മണലുമെല്ലാം ചേർന്ന് കോൺക്രീറ്റ് പോലെ ഉറച്ചനിലയിലാണ്. ഇതു മണലെന്ന നിലയിൽ ഉപയോഗിക്കാനാവില്ല. മണ്ണും ചളിയും നീക്കം ചെയ്ത് മണൽ ഊറ്റിയെടുക്കണം. അതിനാലാണ് ആദായകരമല്ലെന്ന പേരിൽ കരാറുകാർ പിന്മാറിയത്. ഇതോടെ ആ ഉദ്യമം സർക്കാർ അവസാനിപ്പിച്ചു.

മണലും മണ്ണും നിറഞ്ഞു പുഴകൾ നികന്നുപോകുന്നതു തടയണമെങ്കിൽ പുഴകളിലെ മണൽവാരൽ നിയന്ത്രിതമായി അനുവദിക്കേണ്ടിവരും. പക്ഷേ, കപട പരിസ്ഥിതി വാദികളുടേയും ക്വാറി മാഫിയയുടേയും സമ്മർദത്തിനാണു നാട്ടിൽ കൂടുതൽ അംഗീകാരം.

മലനിരകളും കാടും കാട്ടരുവികളും പുഴകളും നാടുമെല്ലാം സംരക്ഷിക്കപ്പെടണം. പരിസ്ഥിതിക്കു ദോഷമാകുന്ന നിർമിതികൾ തടയുകയും വേണം. മലയിലായാലും തീരത്തായാലും നിർമിതികൾക്കു നിയന്ത്രണം വേണം. പുഴകളെ യഥോചിതമായി സംരക്ഷിച്ചില്ലെങ്കിൽ ഒഴുകിപ്പോകാൻ വഴിയില്ലാ



തെ പുഴ നാട്ടിലേക്കു വളരും. നാട്ടുകാരുടെ ജീവനും സ്വത്തും വെള്ളത്തിലാകും.

നാം വസിക്കുന്ന ഭൂമിയുടെ 71 ശതമാനവും വെള്ളമാണ്. അതിന്റെ 97 ശതമാനവും കടൽവെള്ളം. ലഭ്യമായ വെള്ളത്തിന്റെ 1.69 ശതമാനം മാത്രമാണ് ഭൂഗർഭജലം. നാം കുടിക്കാനും മറ്റും ഉപയോഗിക്കുന്നത് ഇത്രയും പരിമിതമായ വെള്ളമാണ്.

ഭൂമിയിലെ ശുദ്ധജല ലഭ്യത കുറഞ്ഞുവരുന്നതായാണു പഠനങ്ങൾ വ്യക്തമാക്കുന്നത്. അതേസമയം, കടൽ കരയിലേക്കു കൂടുതൽ കയറിക്കയറി വരുന്നുണ്ടെന്നും ദശാബ്ദങ്ങളായുള്ള പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അടുത്ത ഏതാനും വർഷങ്ങൾക്കിടിയിൽ കൂടുതൽ ഭൂപ്രദേശങ്ങൾ കടലിനടിയിലാകും. ആഗോളതാപനംമൂലം ആർട്ടിക്, അന്റാർട്ടിക് ഹിമമേഖലയെപ്പോലും ബാധിക്കുന്നു.

വർധിച്ചുവരുന്ന ന്യൂനമർദങ്ങളും ചുഴലികളും കാലാവസ്ഥയെ മാറ്റിമറിച്ചുകൊണ്ടേയിരിക്കും. പ്രവചിക്കാനാവാത്ത വിധം പെരുമഴ പെയ്യും. പേമാരി പ്രളയമൊരുക്കും. താഴ്ന്ന പ്രദേശങ്ങളിൽ ജീവിക്കുന്ന നമ്മുടെ ഉറ്റവർ പ്രളയത്തിൽ ഇല്ലാതാകാതിരിക്കണമെങ്കിൽ പുഴകളിലെ നീരൊഴുക്കു തടസപ്പെടാൻ അനുവദിക്കരുത്.

## ഇന്ധന വില

രാജ്യത്തെ പെട്രോളിയം വില 120 രൂപയിലേക്ക് വളരുകയാണ്. വളർച്ചയുടെ അളവുകോൽ ഇപ്പോൾ ഇതാണ്. 2015 പകുതി വരേയും രാജ്യാന്തര ക്രൂഡ് ഓയിൽ വിലയേക്കാൾ വളരെ താഴെയായിരുന്നു ഇന്ത്യയിലെ പെട്രോളിയം വില. ആറു വർഷമായി രാജ്യാന്തര വിലയേക്കൾ വളരെ ഉയരത്തിലാണ് ഇന്ത്യൻ നിരക്കിന്റെ ഗ്രാഫ്.

കോവിഡ് സംഹാരതാണ്ഡവമാടിയ കഴിഞ്ഞ ഒന്നര വർഷത്തിനിടെ പെട്രോളിന് 36 രൂപയും ഡീസലിന് 27 രൂപയുമാണു കേന്ദ്ര സംസ്ഥാന സർക്കാരുകൾ വർധിപ്പിച്ചത്. സർക്കാരുകൾക്കു ലഭിക്കുന്ന ഏറ്റവും വലിയ വരുമാന സ്രോതസ് എന്ന നിലിയിൽ ഇത്തരം ഇന്ധനങ്ങളിൽ ചുമത്തിയിട്ടുള്ള അധിക നികുതി വെട്ടിക്കുറയ്ക്കാൻ ഒരു സർക്കാരും തയാറാകില്ല.

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് 37- 39 രൂപയാണ് അടിസ്ഥാന വില. പെട്രോളിന് 37.29 രൂപ, ഡീസലിന് 39.90 രൂപ. ഇതിന്റെ ഇരട്ടിയോളമാണ് കേന്ദ്രത്തിന്റേയും സംസ്ഥാനത്തിന്റേയും നികുതികൾ. 70 രൂപയോളം നികുതി. അടിസ്ഥാന വിലയുടെ 88.2 ശതമാനമാണ് കേന്ദ്ര നികുതി. സംസ്ഥാന സർക്കാർ പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവുമാണു നികുതി ചുമത്തുന്നത്. ഇങ്ങനെ 20.13 മുതൽ 25.15 വരെ രൂപ. ഇതിനു പുറമേ, ഒരു രൂപ അധിക നികുതിയും ഒരു ശതമാനം സെസും കേരളം അധികമായി ഏർപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രത്തിനു ലഭിക്കുന്ന നകുതിയുടെ 40 ശതമാനം സംസ്ഥാനങ്ങൾക്കു നൽകുന്നുണ്ടെന്നാണു കേന്ദ്ര സർക്കാരിന്റെ വിശദീകരണം. അത്രയും കിട്ടുന്നില്ലെന്ന് കേരളം പോലുള്ള ചില സംസ്ഥാനങ്ങൾ പരാതിപ്പെടുന്നുണ്ട്. എന്തായാലും സംസ്ഥാന സർക്കാരുകളാണ് കൂടുതൽ പണം വാരുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നികുതി മധ്യപ്രദേശിലാണ്. ആന്ധ്രപ്രദേശ് പോലുള്ള ചില സംസ്ഥാനങ്ങൾ നികുതി വളരെ കുറച്ചതിനാൽ പെട്രോൾ, ഡീസൽ വില നൂറിലേക്കു വളർന്നിട്ടില്ല.

പെട്രോൾ, ഡീസൽ വിലകളിൽ മാത്രമല്ല, പാചകവാതക വിലയിലും വൻ വർധനയാണ്. ഇത്തരത്തിലുള്ള ഇന്ധന വില വർധന ഓരോ കുടുംബത്തിന്റേയും ബജറ്റിനെ തകർക്കുകയാണ്. ഡീസൽ വില വർധന മൂലം ഗതാഗത നിരക്കിലും വർധനയുണ്ടാകും. ഈ വർധന ചരക്കുനീക്കത്തെ ബാധിക്കും. വാഹനങ്ങളിലായി എത്തുന്ന ചരക്കിനങ്ങൾക്കും വില വർധിക്കും. അടുക്കളയിൽ പാചകച്ചെലവും വർധിക്കും. ജനങ്ങളുടെ മുതുകത്ത് അധികഭാരം.

സർക്കാരിന്റെ പ്രധാന വരുമാന സ്രോതസായ പെട്രോളിൽ തീയിടാൻ ഒരു സർക്കാരും തയാറാകില്ല. ശമ്പളവും പെൻഷനും നൽകാനും ഭരണതലപ്പത്തുള്ളവരുടെ ധൂർത്തുകൾക്കും പണം വേണം. ജനങ്ങളുടെ പണം ഏതുവിധത്തിലും ഖജനാവിൽ എത്തിക്കാൻ യഥാർത്ഥ വിലയുടെ മൂന്നിരട്ടി നികുതി ഈടാക്കുന്നതു തുടരും. സർക്കാരിന്റെ ഭരണയന്ത്രം നിയന്ത്രിക്കുന്ന ഉന്നത ഉദ്യോഗസ്ഥർ തെളിക്കുന്ന വഴിയേ ജനാധിപത്യ നാടുവാഴികൾ.

●



# പുഴക്കണ്ണുകൾ

വെറുതെ ചിരിച്ച്
വെളുങ്ങനെ പതച്ച്
മേലാകെ നനച്ച്
മനമാകെ കിളിർത്ത്
ഒരു പുഴയൊഴുകുന്നുണ്ട്
നിന്റെ വിടർന്ന കണ്ണിൽ.

ഓരോ നോട്ടത്തിലും കാണാം
പുഴയുടെ ഓരോ ചലനങ്ങൾ.
ഓരോ കണ്ണനക്കത്തിലും തുടിക്കും
പുഴ കൊഴിച്ചിട്ട പീലിയനക്കങ്ങൾ.
ഓരോ കണ്ണിറുക്കിലും പിടയും
പുഴ വിരിച്ചിട്ട നനഞ്ഞ സ്വപ്നങ്ങൾ.

ഒരുനാൾ നിന്റെ കണ്ണിൽ
വേവു പടരുമ്പോൾ
പുഴ വെന്തുരുകി പിടഞ്ഞുനീറും.
കടലിനിപ്പുറം
അതിർത്തി രേഖയ്ക്കുമുൻപ്
പുഴ തിരിച്ചൊഴുകും.
വന്ന വഴികൾ താണ്ടി
കാടു കയറി, മല തുരന്ന്
പുഴ ആകാശത്തേക്ക്
തിരിച്ചു പോവു,മപ്പോൾ
മേഘക്കൂട്ടിലൊരു കടലിരമ്പി
വനമാകെ പെയ്യാൻ വിതുമ്പും.
അതൊരു പൊള്ളും കനലായൊരു
നൊമ്പരപ്പുഴയാ,യൊഴുകാതെ
നിന്റെ കണ്ണിൽ തുളുമ്പിനിൽക്കും.



എ. കെ. അനിൽകുമാർ

കടയറുത്തു നീ
മാറ്റിയ വൃക്ഷം
കരഞ്ഞത്
കൂടും മുട്ടയും
നഷ്ട്ടപ്പെട്ട
കിളിക്കിയിരിയ്ക്കാൻ
ഒരു കൈചില്ലപ്പോലും
മാറ്റിവെയ്ക്കാത്തതിനാലാണ്

മണലൂറ്റി നീ
വറ്റിച്ച പുഴക്കരഞ്ഞത്
പരൽമീനു
പുളയ്ക്കാൻ
ഒരു തുള്ളിക്കണ്ണീർ പോലും
ബാക്കിവെയ്ക്കാത്തതിനാലാണ്

ഇടിച്ചു നിരത്തിയ
കുന്നു കരഞ്ഞത്
പൊരിവെയിലിൽ
കരിഞ്ഞുണങ്ങിയ പുല്ലിന്
വെയിൽ മറയായ
ഒരു
ചെറു തണൽച്ചരിവ്പ്പോലും
ബാക്കിവെയ്ക്കാത്തതിനാലാണ്

ഒരു നാൾ കുന്നൊരു
ഉരുൾപ്പൊട്ടലായും
പുഴയൊരു പ്രളയമായും
മരമൊരു കൊടുംചൂടായും
നിൻ കുടി തേടി വരും

അന്ന് നീ ഒരുകൈച്ചില്ല തേടും
തൊണ്ടയിടറി
ഒരുതുള്ളി കുടിനീരു
ചോദിയ്ക്കും
ഒരു തരി
തണലു മോഹിക്കും..





ബൈജു റാഫേൽ ആലുവ

# ഓർക്കുക

# വേഷം



ആരുമായില്ല പോലും
ഞാനിന്നീ കളിത്തട്ടിൽ
ആടിയ നാടകങ്ങ -
ളേറെയും പരാജയം

ചേലിൽ ഞാൻ ഞൊറിയിട്ടു
ചാർത്തിയൊരാട പോലും
ചേലൊട്ടുമേകിയില്ലെൻ
കഥാപാത്രങ്ങൾക്കൊന്നും

ആടി ഞാൻ ശകുന്തള
ആഴിയിലാണ്ടുപോയ
രോർമ്മതൻ കനിവിനായ്
കേണൊരു മുനിപുത്രി

കാടിതിൽ നോവു പേറി
പിളരുന്ന ഭൂമാതാവിൻ
ആഴത്തിലാണ്ടുപോയ
സീതയാം രാജപത്നി

ദൈവത്തിൻ പിറവിയാൽ
പരിശുദ്ധയായ് തീർന്ന
ദിവ്യ മാതാവാകും
കന്യയാം മറിയവും

അന്ധമാം പാതിവ്യത്യം
കണ്ണുകൾ മൂടിയിട്ടും
അന്യമായ് കുലം തീർന്ന
അമ്മയായ് നിറഞ്ഞതും

ഇനിയെത്ര വേഷമു-
ണ്ടെങ്കിലും അതിനാടാൻ
ഇനിയുമീ ചായം തേച്ചു
മിനുക്കിയെൻ മുഖഭാവം




ദീപ ദിനേശ്

# മെരുക്കം




രാജൻ സി എച്ച്



ചില മൃഗങ്ങളെ
മെരുക്കും.
ചില മൃഗങ്ങളാകട്ടെ
മെരുങ്ങും.
പല മൃഗങ്ങളും
മെരുങ്ങിയതായി നടിക്കും.
പല മൃഗങ്ങളും
മെരുങ്ങില്ലെന്നു നടിക്കും.
പല മൃഗങ്ങളും
അതിശയിപ്പിച്ചു മെരുങ്ങും.
ചില മൃഗങ്ങളെ
എത്ര മെരുക്കിയാലും
മെരുങ്ങുകയേയില്ല.
മെരുങ്ങിയ മൃഗങ്ങൾ
നമ്മളെയാണ് മെരുക്കിയതെന്ന്
വമ്പു കാട്ടും.
മെരുക്കുന്നതൊക്കെയും
മനുഷ്യരാണെന്നു കരുതും.
എന്നാൽ മൃഗങ്ങളാണ്
മനുഷ്യരെ മെരുക്കുക.
മെരുക്കാതിരിക്കുക.
എന്തെന്നാൽ മൃഗങ്ങൾക്കറിയാമല്ലോ
മനുഷ്യരോളം മെരുക്കമില്ലാത്ത
ഒരു മൃഗവും
തങ്ങളുടെ കൂട്ടത്തിലോ
പുറത്തോ ഇല്ലെന്ന്.
മനുഷ്യനാണ്
യഥാർത്ഥ മൃഗമെന്ന്.

# കൈപ്പത്തി



ഉണ്ണികൃഷ്ണൻ മുതുകുളം

എന്റെ ജനൽപ്പടിയിൽ
തളർന്നിരിക്കുന്ന
പക്ഷികളെ നോക്കൂ...
ആട്ടിപ്പായിക്കുമ്പോഴും
ആഹ്ലാദം കൈവിടാതെ
പറന്നകലുന്നു.
എന്റെ റോസാച്ചെടിയിൽ
ശയിക്കുന്ന
സുന്ദരിയെ നോക്കൂ...
മുൾപ്പടർപ്പിൽ
ഉറങ്ങുമ്പോഴും
ശാന്തത കൈവിടാതെ
ഉറക്കം തുടരുന്നു.
എന്റെ നെഞ്ചിൽ
തറഞ്ഞിരിക്കുന്ന
ശൂലങ്ങൾ നോക്കൂ....
ആഴ്ന്നിറങ്ങുമ്പോഴും
നനയാത്ത രക്തം
ഒഴുക്കുന്നു.
എന്റെ കണ്ണിൽ
നിറഞ്ഞിരിക്കുന്ന
അശ്രുബിന്ദു നോക്കൂ...
ഒഴുകാൻ കൊതിക്കുമ്പോഴും
ഒഴുകാതിരിക്കുന്നു.
എന്റെ കൈപ്പത്തി
തിന്നു തീർക്കുന്ന
ജീവിയെ നോക്കൂ...
കരണ്ടുകരണ്ട്
വിരൽ തീരുമ്പോഴും
കരയാതിരിക്കുന്നു.
'ഒട്ടും വേദനയില്ലാതെ...'





# ജിയോഫ്രെഷഡ്

## എന്ന വിസ്മയ ആപ്പ്!





തേജശ്രീ

**ടെക് ഭീമനായ ആപ്പിൾ കൈവച്ച സംഗീത സങ്കേതങ്ങൾ എക്കാലവും സൂപ്പർ ഹിറ്റുകളായിരുന്നു. ഐപോഡ് മുതൽ തുടങ്ങുന്നതാണ് അതിന്റെ ചരിത്രം. ഐട്യൂൺസും മറ്റ് ആപ്പുകളുമെല്ലാം ആ പാരമ്പര്യം തുടർന്നു. സംഗീതജ്ഞരെയും സംഗീതമറിയാത്തവരെയും ഒരുപോലെ ആകർഷിക്കുന്ന ഒരു ആപ്ലിക്കേഷൻ അവർ അവതരിപ്പിച്ചിട്ടുണ്ട്. അത്ഭുതപ്പെടുത്തുന്ന ഒന്ന്– ജിയോഫ്രെഷഡ്!!**

**ആ**പ്പ് എന്ന് അറിവിനുവേണ്ടി എഴുതിയെന്നേയുള്ളൂ. ജിയോഫ്രെഷഡിനെക്കുറിച്ച് ആപ്പിൾ പറയുന്നത് ഇപ്രകാരമത്രേ: ഇതു വെറുമൊരു ആപ്പ് അല്ല, ഒരു സംഗീതോപകരണമാണ്!

തുടർന്നു വായിക്കുന്നതിനു മുമ്പ് യുട്യൂബിൽ ഒന്നു ജിയോഫ്രെഷഡ് എന്നു സെർച്ച് ചെയ്യുക. മഹേഷ് രാഘവൻ എന്ന സംഗീതജ്ഞന്റെ വീഡിയോകൾ കാണുക. കർണാടക സംഗീതവും ഫ്യൂഷനും കേൾക്കുമ്പോൾ നിങ്ങൾക്കു തോന്നും, ഇതെന്തൊരു സംഗീതോപകരണമാണ്!!




മാൻഡലിൻ എന്ന പാശ്ചാത്യ സംഗീതോപകരണത്തെ കർണാകട സംഗീതത്തിനുവേണ്ടി നിർമിച്ചതാണോ എന്നു തോന്നിക്കുമാറ് വിസ്മയം തീർത്ത യു. ശ്രീനിവാസ് എന്നപോലെ, മഹേഷ് രാഘവൻ ജിയോഫ്രെഷഡ് എന്ന

ആപ്പിനെ തൊട്ടുതലോടി വസന്തം വിടർത്തുന്നു. ശ്രുതിശുദ്ധമായ സ്വരങ്ങൾ, ഗമകങ്ങൾ, രാഗസഞ്ചാരങ്ങൾ.. അല്ല, എന്താണില്ലാത്തത്!

## എവിടെ, എങ്ങനെ?

ടച്ച് സ്ക്രീനിൽ പ്ലേ ചെയ്യാവുന്ന മ്യൂസിക് സിമുലേറ്റർ ആപ്പാണ് ജിയോഷ്രെഡ്. ആപ്പിൾ ഐപാഡ്, ഐഫോൺ എന്നിവയിൽ മാത്രമേ ഇതു പ്രവർത്തിക്കൂ. (ആൻഡ്രോയ്ഡിൽ ഈ ആപ്പ് ഉപയോഗിക്കാനാവില്ല. മ്യൂസ് ലീഡ് എന്ന ആപ്പാണ് ആൻഡ്രോയ്ഡിൽ ഇതിനു സമാനമായി ഉള്ളത്. ഏതാണ്ട് മുന്നൂറു രൂപയാണ് അതിന്റെ വില. വളരെക്കുറച്ചു സൗകര്യങ്ങളേ ആ ആപ്പിലുള്ളൂ). ഓരോ സംഗീതോപകരണത്തിന്റെയും വിവിധ ശബ്ദങ്ങളും ഭാവങ്ങളും സ്പെഷൽ ഇഫക്ടുകൾ അടക്കം പ്ലേ ചെയ്യാവുന്ന ഒരു പ്രഫഷണൽ സംഗീതോപകരണ തന്നെയാണ് ഇതെന്നു പറയാം. എണ്ണമില്ലാത്ത അത്രയും സ്റ്റൈലുകൾ, പശ്ചാത്തല ഈണങ്ങൾ, സ്കെയിലുകൾ എന്നിവ ഇതിലുണ്ട്. വിവിധ ട്രാക്കുകളാക്കി വായിക്കുന്ന ശകലങ്ങൾ കൂട്ടിയിണക്കി സ്വന്തമായി ഒരു ഗാനമോ ഈണമോ ഉണ്ടാക്കാം. മിഡി കൺട്രോളറായി ഉപയോഗിക്കാം. ജാമിംഗിനു ഇതിനേക്കാൾ കൊള്ളാവുന്ന ഡിജിറ്റൽ ഉപാധിയില്ല. സവിശേഷതകൾ പറഞ്ഞാൽ തീരുന്നില്ല.

ആപ്പിൾ പ്ലേ സ്റ്റോറിൽനിന്ന് ഈ ആപ്പിന്റെ വിവിധ വേർഷനുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. സാധാരണ പതിപ്പിന് 899 രൂപയാണ് വില. പ്രോ മോഡലിന് 2199 രൂപയാകും. ആപ്പിനു പണംകൊടുക്കണമോ എന്നു നെറ്റി ചുളിക്കുന്നവരോട് ഒന്നേ പറയാനുള്ളൂ- ഗിറ്റാറും കീബോർഡും ചേർന്ന ഡിജിറ്റൽ രൂപമെന്നു വിശേഷിപ്പിക്കാവുന്ന ആപ്പിന്റെ ഇന്റർഫേസിൽ ഒരിക്കലെങ്കിലും ഒന്നു വിരൽ തൊട്ടു നോക്കുക.

അമേരിക്കൻ കീബോർഡ് വിദഗ്ധനും കംപോസറുമായ ജോർദാൻ റൂഡസ് ആണ് ജിയോഷ്രെഡിനു തുടക്കമിട്ടത്. ഡ്രീം തിയേറ്റർ എന്ന പ്രോഗ്രസീവ് മെറ്റൽ ബാൻഡ് അംഗമായ അദ്ദേഹം സാങ്കേതികവിദ്യകളിൽ നിപുണനുമാണ്. ജോർദാന്റെ വിസ്ഡം മ്യൂസിക് എന്ന സോഫ്റ്റ് വെയർ കമ്പനി പുതിയ ഇനങ്ങളിലായി ഒട്ടേറെ സംഗീതോപകരണങ്ങൾ യാഥാർഥ്യമാക്കി. സംഗീതം റെക്കോർഡ് ചെയ്യാനും പ്ലേ ചെയ്യാനും ഇവയെല്ലാം പുതുവഴികൾ തുറന്നു. ടാബ്ലെറ്റ് സ്ക്രീനിലേക്ക് ജിയോഷ്രെഡ് എന്ന വിസ്മയം വന്നത് ഇങ്ങനെയാണ്. 2019 മുതൽ വ്യാപകമായി ഉപയോഗിക്കപ്പെട്ട ജിയോഷ്രെഡിന്റെ 5.9 വേർഷനാണ് ഇപ്പോൾ ഉള്ളത്. ഉപയോഗിച്ചവരെല്ലാംതന്നെ നൽകുന്ന റേറ്റിംഗ് ഫൈവ് സ്റ്റാർ!!



ജോർദാൻ റൂഡസ്

## പ്രഫഷണൽ വഴിയിൽ

ഇഷ്ടമുള്ള സംഗീതോപകരണങ്ങൾ ചെറിയ പണം മുടക്കി ബേസിക് പതിപ്പിനോടു കൂട്ടിച്ചേർക്കാൻ അവസരമുണ്ട്. വയലിൻ, ഫ്ളൂട്ട്, ടെനർ സാക്സ്, ചെല്ലോ, ക്ലാരിനെറ്റ് എന്നിങ്ങനെ എല്ലാ ഉപകരണങ്ങളും അവയുടെ അതേ സ്വരശുദ്ധിയോടെ വായിക്കാനാകും.

ഇന്ത്യൻ ഉപയോക്താക്കൾക്ക് ജിയോഷ്രെഡ് നൽകുന്നത് വലിയ അവസരമാണ്. കർണാടക സംഗീതത്തിലെയും ഹിന്ദുസ്ഥാനിയിലെയും ഏതാണ്ടെല്ലാ രാഗങ്ങളുടെയും സ്വരസ്ഥാനങ്ങൾ സൂക്ഷ്മമായി ആപ്പിൽ ലഭ്യമാണ്. രാഗം തെരഞ്ഞെടുത്താൽ സ്വരങ്ങൾ ആരോഹണവും അവരോഹണവുമടക്കം തയാർ. പശ്ചാത്തലത്തിൽ തംബുരു




മഹേഷ് രാഘവൻ

ശ്രുതിവേണ്ടവർക്ക് അതുമാവാം.

ശാസ്ത്രീയ സംഗീതത്തിൽ യാതൊരു അവഗാഹവുമില്ലാത്തവർക്കും ഈ സ്വരങ്ങൾ സന്തോഷം നൽകും. നോട്ടുകളിലൂടെ വിരലോടിച്ചാൽ ആ രാഗങ്ങളിലുള്ള പാട്ടുകൾ മനസിൽ തെളിയുകയും ചെയ്യും. ഒന്നു മനസിരുത്തിയാൽ ലീഡ് വായിക്കേണ്ടവർക്ക് അയത്നലളിതമായി പരിശീലിക്കാം.

അങ്ങനെയെങ്കിൽ ശാസ്ത്രീയ സംഗീതം



അഭ്യസിച്ചിട്ടുള്ളവരുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. അവിടെയാണ് മഹേഷ് രാഘവനിലേക്ക് നാം തിരിച്ചുവരുന്നത്. അദ്ദേഹം വായിച്ച രാഗശകലങ്ങൾ ജിയോഷ്രെഡിൽ ഒരു പ്രത്യേക വിഭാഗമായി ശേഖരിച്ചിട്ടുണ്ട്. ഡിജിറ്റൽ കോംപോസിഷനിൽ എംഎസ് സി ബിരുദധാരിയായ മഹേഷിന്റെ വിരൽ തൊടുമ്പോൾ ഐപാഡ് സാക്ഷാൽ സരസ്വതീ ദേവിയുടെ വീണയായി മാറും.

മഹേഷിന്റെ യുട്യൂബ് ചാനലിന് മൂന്നു ലക്ഷത്തിലേറെ വരിക്കാരുണ്ട്. വിഡിയോകൾ മില്യൺ കണക്കിനു പ്ലേ ചെയ്യപ്പെടുന്നു. ഇന്ത്യൻ രാഗ എന്ന സംഗീത സംരംഭത്തിന്റെ ക്രിയേറ്റീവ് ഡയറക്ടറുമാണ് മഹേഷ്.

ജിയോഷ്രെഡിന്റെ ഉപജ്ഞാതാവായ ജോർദാൻ റൂഡസ്, രഞ്ജനി-ഗായത്രി, അരുണ സായ്റാം, പി. ഉണ്ണികൃഷ്ണൻ തുടങ്ങിയ പ്രഗത്ഭർക്കൊപ്പം മഹേഷ് പ്രവർത്തിച്ചിട്ടുണ്ട്. വയലിനിസ്റ്റ് ശ്രാവൺ ശ്രീധറിനൊപ്പം കർണാട്ടിക് 2.0, ഗായിക ബിന്ദു സുബ്രഹ്മണ്യത്തിനൊപ്പം തൈർസാദം പ്രോജക്ട് എന്നിങ്ങനെ രണ്ടു ബാൻഡുകളിൽ മഹേഷ് പ്രവർത്തിക്കുന്നു. വയലിനിസ്റ്റ് അംബി സുബ്രഹ്മണ്യവും പെർക്കഷനിസ്റ്റ് അക്ഷയ് അനന്തപത്മനാഭനും തൈർസാദം പ്രോജക്ടിന്റെ ഭാഗമാണ്.

പരീക്ഷണങ്ങളിലൂടെയാണ് സംഗീതം വളരുന്നത്. ഒരു പാതയിലൂടെ മാത്രമേ സഞ്ചരിക്കൂ എന്നു വാശിപിടിക്കുന്ന സംഗീതജ്ഞരും, പാരമ്പര്യം വിട്ടൊന്നും കേൾക്കില്ല എന്നു ശഠിക്കുന്ന ആസ്വാദകരും സംഗീതത്തിന്റെ വളർച്ച തടയും.

തുറന്ന മനസുകൾക്കും ചെവികൾക്കും ജിയോഷ്രെഡ് എന്തായാലും അനുഗ്രഹം തന്നെ.

കവിത

# ശരികളുടെ ലോകം



അനിത അമ്മാനത്ത്

എല്ലാവർക്കും ശരികളുണ്ട്,
സ്വന്തം ശരികളുടെ ലോകം!

എന്നിട്ടും നിങ്ങളുടെ
മായാ സൃഷ്ടിയുടെ
ശരികൾക്കിടയിൽ
അവളുടെ ശരികൾ മാത്രം
ശ്വാസം കിട്ടാതെ പിടയുന്നു.
ജീവഛവമായ് പടുതുണിയിൽ
നിശാ വീഥിയിലേക്ക്
നിങ്ങൾ പൊതിഞ്ഞു
വലിച്ചെറിഞ്ഞ മായമില്ലാത്ത
അവളുടെ ശരികൾക്കും പറയുവാനേറെയുണ്ട്.
വിഴുപ്പു ഭണ്ഡാരമെന്ന്
നിങ്ങൾ വിളിക്കുമ്പോഴും
ആശങ്കയുടെ കോണിൽ
കണ്ണടച്ചാൽ ഇരുട്ടിനെ
പോലും കീറി മുറിക്കുന്ന
അവളുടെ ശരികൾ
ബാഹ്യ ലോകം
അറിയുന്ന നിമിഷത്തിന്റെ വിമ്മിഷ്ടത്തിൽ
നഷ്ടപ്പെടുന്നതത്രയും
നിദ്രാവീഹിന രാവുകളല്ലേ!
അധർമ്മത്തിലൂടെ രാജ്യം
വെട്ടിപ്പിടിച്ചാലും
ധർമ്മത്തിന്റെ വെളിച്ചത്തിൽ
നേരിന്റെ ഗർഭം
മറച്ചു പിടിക്കാനാവില്ല.

അവളുടെ ശരികളെ
നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ
യഥാർത്ഥത്തിൽ ആരാണ് ശരി?
അവളോ അതോ നിങ്ങളോ?



# ശിലകൾ





രാജീവൻ മുണ്ടിയോട്

ശിലകൾ പലഭാവത്തിൽ കാണപ്പെടുന്നു.
തുളച്ചാൽ വേദനയില്ലാത്തവ
തൊട്ടാൽ വികാരമില്ലാത്തവ
മഴനനഞ്ഞാൽ കുതിരാത്തവ
വെയിലുകൊണ്ടാൽ വാടാത്തവ
വിണ്ണിൽ കൈകളൂന്നി
വിചാരങ്ങളിൽ മുഴുകിയവ
മണ്ണിൽ പാദങ്ങളൂന്നി
കുതിക്കാൻ നിൽക്കുന്നവ
ശിലകൾ പലരൂപത്തിൽ കാണപ്പെടുന്നു.
കണ്ടങ്ങളുടെ കണ്ണുകൾപോലെ
മാനത്തേക്ക് നോക്കിനിൽക്കുന്നവ
മലയുടെ മുലകൾപോലെ
തൂങ്ങി നിൽക്കുന്നവ
ചെങ്കുത്തായ നിരകളിൽ
കർണങ്ങൾ പോലെ
പറ്റിപ്പിടിച്ചവ
മുനമ്പുകളിൽ നാസാരന്ധ്രം
പോലെ
ഗുഹാ ദ്വാരങ്ങളുള്ളവ
കുന്നുകളിൽ
ദന്തങ്ങൾ പോലെ
നിരയായി നിൽക്കുന്നവ
ശിലകൾ എല്ലാദിക്കിലും കാണപ്പെടുന്നു.
ഭൂമിയുടെ ഇരു ധ്രുവങ്ങളിലേക്ക്
അച്ചുതണ്ടിന്റെ ചരിവിലൂടെ
കൂർത്ത കോണളവുകളിൽ
ശിലകൾ പലനിറങ്ങളിൽ കാണപ്പെടുന്നു.

# കുതിച്ചു പായുമ്പോൾ



**രാജൻ എലവത്തൂർ**

**ശാ**സ്ത്രത്തിന്റെ കുതിച്ചുചാട്ടത്തെ തുടർന്ന് 'മരണമില്ലാത്ത ലോകം' രൂപപ്പെടുമെന്നാണ് പ്രതീക്ഷ. അത്തരം അവസ്ഥയിൽ മനുഷ്യൻ ചലിക്കുന്ന ഒരു വസ്തു മാത്രമായിരിക്കും. യന്ത്രകൂടുകളായിരിക്കും സകല നിയന്ത്രണവും. സാമാന്യ ജനങ്ങൾക്ക് അത്തരം ചിന്ത കാടുകയറുന്നതാവും. പക്ഷെ അതൊരു യാഥാർഥ്യമാകുമെന്ന കാഴ്ചപ്പാടിലാണ് മുതലാളിത്തവും ശാസ്ത്രവും.

ഈയവസരത്തിൽ കേരളമെന്ന 'ഠ' വടത്തിലെ അസാമാന്യരെന്ന് സ്വയം വിശേഷിപ്പിക്കുന്ന സമൂഹം ചില പിന്നാമ്പുറകാല ചിന്തകളെ തൊട്ടുകൂട്ടുന്നത് നവരസം അനുഭവപ്പെടുത്തിയേക്കാം.

ഓരോ വ്യക്തിയും അവനവന്റെ തൂക്കം അറിഞ്ഞിരിക്കണം. അതായാൽ അമിതഭാരം വഹിക്കില്ല. ഇന്നതല്ലല്ലോ അവസ്ഥ. സകലഭാരവും തന്റേതാകണം എന്ന വികല വീക്ഷണത്തിലാണല്ലോ കാര്യങ്ങൾ. ചില കാലനിരീക്ഷണങ്ങൾ വേവലാതിയോടെ അറിയാൻ നാം തയ്യാറായേ പറ്റൂ.

## റെയ്ഞ്ചിലായ വിലാസം

ഓരോ വ്യക്തിക്കും അടിസ്ഥാന വിലാസം ഉണ്ട്. പേരും. ഒരേ ദിശയിൽ പോയാൽ വിലാസം കണ്ടെത്താം. തപാൽ അതാണല്ലൊ. (പുതുകാലത്ത് സങ്കീർണ്ണമാണ്.)

ഒരേ പേരുള്ളവർ, സ്ഥലനാമങ്ങൾ ധാരാളം. ദിശ വ്യക്തമല്ലെങ്കിൽ കുഴങ്ങിയതു തന്നെ.

ഐ.ഡി. കാർഡിന് ഇപ്പോൾ വലിയ സ്ഥാനമില്ല. ആധാർ, റേഷൻ കാർഡ് തുടങ്ങിയവയ്ക്കാണ് മുൻഗണന.

അടിസ്ഥാന വീട്ടുപേരുകൾ ഇല്ലാതായി. കടലാസിൽ ഉണ്ടാകും. വീടിന്റെ മതിലിൽ എഴുതിവെച്ച പേരുകളാണിപ്പോൾ വീട്ടുപേര്. പഴയപേര് ചോദിച്ചാൽ നാട്ടുകാരിൽ പുതിയവർക്ക് അറിയില്ല. പ്രത്യേകിച്ച് കുട്ടികൾക്ക് മതിലിലെ പേര് മാത്രമെ സ്വന്തം വീട്ടുപേരായി അറിയൂ. ശരിക്കുള്ള വീട്ടുപേര് അറിയാതെ വിഷമിക്കുന്ന കുട്ടികളെ ധാരാളം കാണാറുണ്ട്.

നവമാധ്യമ - ഇലക്ട്രോണിക്സ് സംവിധാനങ്ങൾ വ്യാപകമായതോടെ ഇ-മെയിൽ ഇല്ലാത്തവർ ചുരുക്കം. സകലതും, മെയിൽ, വാട്സ്ആപ്പ് രീതിയിലാണിപ്പോൾ. മനുഷ്യബന്ധങ്ങൾ പണ്ടെ പോലെ ഇല്ലാതായല്ലോ? അങ്ങിനെയൊക്കെ ഉണ്ടാക്കി



തീർത്തു. പുതുമോഹങ്ങളാ ണതിനടിസ്ഥാനം. ഇ-മെയിൽ തുടങ്ങിയ സംവിധാനങ്ങളായതോടെ വ്യക്തികളുടെ വിലാസത്തിന്റെ ദിശയ്ക്ക് പ്രസക്തിയില്ലാതായി. റെയ്ഞ്ച് കിട്ടുന്ന ഏതൊരിടത്തും വിലാസമാകാമെന്നായി സ്ഥിതി. നമ്മുടെ അസ്തിത്വമെല്ലാം ഇനി റെയ്ഞ്ച് കിട്ടുന്നിടത്തെ സാഹചര്യം പോലിരിക്കും.

എന്തടാ, ഏതടാ?

കാലമാറ്റമനുസരിച്ച് വ്യക്തികൾ, സമൂഹം മാറിക്കൊണ്ടിരിക്കുകയാണ്. ഒന്നും പണ്ടേപോലെയല്ല ഇപ്പോൾ.

വ്യക്തികൾക്കിപ്പോൾ പണ്ടേപോലെ തന്റേടത്തോടെ 'എന്തടാ', 'ഏതട' എന്ന രീതിയിൽ പ്രതികരിക്കാനാവുന്നില്ല.

ഇപ്പോൾ ഓരോ വ്യക്തികളും അവനവനിൽ ഒതുങ്ങുന്നു. പങ്കാളിത്തം ഇല്ല. ജീവനുള്ള ശരീരങ്ങൾ മാത്രം എന്നതാണവസ്ഥ. എവിടെ എന്തുണ്ടായാലും പ്രശ്നമില്ല. ശിലാഭാവം.

## സുഖിക്കൂ , ജീവിക്കൂ

സാമൂഹ്യാവസ്ഥയുടെ ഭാഗമായാണ് വ്യക്തികളുടെ വ്യക്തിത്വം രൂപപ്പെടുന്നത്. ആ അവസ്ഥ ഉണ്ടാക്കുന്നതിൽ മുതലാളിത്ത സംസ്കാരത്തിന് വലിയ പങ്കുണ്ട്. ഓരോ വ്യക്തികളെയും സർവ്വോപരി അവരുടെ ശരീരം തന്നെ 'കൺസ്യൂമറിസത്തിനു കീഴിലാക്കുക എന്നതാണത്. ആവശ്യമുള്ളതും, ആവശ്യമില്ലാത്തതുമായ സാധനസാമഗ്രികൾ വാങ്ങിപ്പിക്കൽ തന്ത്രം. അതിനനുസൃത വർണശബളമായ പ്രചരണങ്ങളിൽ വ്യക്തികളെ കുടുക്കപ്പെടുകയും ചെയ്യുന്നു. 'സുഖിച്ച് ജീവിക്കുക' എന്നതാണ് നവ ആപ്തവാക്യം. സുഖം, ഒപ്പം സൗഹൃദവും അവനവനിൽ ഒതുക്കുക എന്നതും തന്ത്രമാണ്. എന്തിനേറെ നമ്മുടെ സൗഹൃദ വലയം, സംസാരരീതികൾ എന്നിവയൊക്കെയും മാറി.

സുഖജീവിതം വളർന്നുവരികയോ, വളർത്തിക്കൊണ്ടിരിക്കുകയോ ചെയ്യുമ്പോഴിവിടെ, കൊറോണപോലുള്ള മാരകവൈറസുകൾ സുഖജീവിതം നയിക്കുന്നു എന്ന ദുഃസ്ഥിതി സമൂഹം മറക്കരുത്. ഇനിയുള്ള നാളുകളെല്ലാം ഭീതി ജനകം തന്നെയാണ്.

### മദ്യവൈറസ്

'ഭക്ഷണവും' നവകൂട്ടായ്മയിലെ പ്രധാന ഘടകമായി. പൊതിഭക്ഷണമായും, അല്ലാതേയും സൗഹൃദം പങ്കിടുക എന്നതായിരിക്കുന്നു രീതി. ഇവിടെ 'മദ്യം' വില്ലനാണ്. സൗഹൃദ വീര്യം കൂട്ടുന്നതും, ഒപ്പം ത

കർക്കപ്പെടുന്നതിനും മദ്യത്തിന് ശക്തിയുണ്ടെന്നതാണവസ്ഥ. ആ മദ്യവൈറസിന്റെ ആവാസകേന്ദ്രങ്ങൾ പ്രധാനം സൗഹൃദതലങ്ങൾ ആണെന്നതാണ് വസ്തുത.

**അധികാര ഭീകരത**

അധികാരം എന്നതും കെട്ട അവസ്ഥയായി മാറിയിരിക്കുന്നു. അമിതാധികാരമാണിപ്പോൾ. പണ്ടത്തെ വില്ലേജാധികാരിയെപ്പോലെ (ഇപ്പോഴത്തെ വില്ലേജാഫീസർ). പണ്ട് വില്ലേജാഫീസർക്ക് കാഴ്ച നൽകിയാൽ പല ഇളവും നടക്കുമായിരുന്നു. തിരുവിതാംകൂറിൽ രാജഭരണകാലത്ത് സെക്രട്ടറിയേറ്റ് സംവിധാനത്തിൽ പ്രധാനപ്പെട്ട കാര്യക്കാരുടെ ഭാര്യമാരും കാര്യനിർവഹണക്കാരി യായി വഴിവിട്ട് രംഗത്തുണ്ടായിരുന്നത്രെ. ചില മലയാള ചരിത്ര നോവലുകളിൽ ഇതു സംബന്ധിച്ച ആവിഷ്കാരങ്ങൾ ഉണ്ട്.

സർഗാത്മകതയും, ചിന്തയും വഴിമുട്ടിനിൽക്കുന്ന അവസ്ഥ സംജാതമാകുന്നു. ചുറ്റും ഇരുട്ട്. നാളെയെ കുറിച്ച് ആവിഷ്കരിക്കാൻ എഴുത്തുകാർക്ക് കഴിയാത്ത അവസ്ഥ. ഒരു സുഖസ്വപ്നം കാണാനെന്താണ് വഴി എന്നാണ് പൊതുചിന്ത.

ലോകത്തിപ്പോൾ സൗഹൃദ - മാനുഷിക നവോത്ഥാന ഗാഥകളല്ല ഉയർന്നു കേൾക്കുന്നത്. വെടിമരുന്നുകളുടെ ഭീകരതയും, മനുഷ്യർ മരിച്ചു വീഴുന്ന കാഴ്ചകളുമാണ് കാണുന്നത്.

ഇതൊക്കെ സംഭവിക്കുന്നത് താൽക്കാലിക അധികാരം സ്ഥാപിക്കുന്നതിനാണ് എന്നതാണവസ്ഥ. അതേ സമയം വരും നാളുകളിലെ ദുരന്തം എന്താണെന്ന് മനസിലാക്കാൻ ലോകം മറക്കുകയാണ്.

**'വിശപ്പ്' – ഗവേഷണം**

എത്ര കണ്ട് ആധുനികതയിൽ കേരള സമൂഹം ഓടിയാലും ശരി 'പഴമ' ഇടക്കിടെ ബ്രേക്കിടൽ ചെയ്തുകൊണ്ടിരിക്കും എന്നതാണവസ്ഥ.

'വിശപ്പ്' എന്താണ് എന്ന് ചോദിക്കുന്ന സാഹചര്യം ഇന്നുണ്ട്. നാമിപ്പോൾ അനുഭവിക്കുന്ന വിശപ്പ് ചില സമയം തെറ്റിയുള്ള ഒരവസ്ഥ മാത്രമാണ്. അപ്പോൾ എന്തെങ്കിലും വിഴുങ്ങിയാൽ ആശ്വാസമായി. ഇവിടെ യഥാർത്ഥ വിശപ്പ് അറിഞ്ഞിരുന്ന ഒരു തലമുറ ഉണ്ടായിരുന്നു. അതൊക്കെ പുതുതലമുറക്ക് ഇപ്പോൾ 'റഫറൻസ് കാര്യം' മാത്രമാണ്. വൈകാതെ നമ്മുടെ ഡോക്ടറേറ്റ് വിഷയം ഒരു പക്ഷെ 'വിശപ്പ്കാലം' എന്നതുപോലും ആയിമാറിയേക്കാം.


വിശപ്പുമാറ്റാൻ അപ്പം കട്ടെടുത്ത ആളുകൾ, പലഹാരകടയുടെ സമീപം നിന്ന് മണമാസ്വദിച്ച് വിശപ്പകറ്റിയിരുന്നവർ, സ്കൂളുകളിൽ സഹപാഠിയുടെ തീറ്റവസ്തുക്കളിൽ നിന്നും പങ്കുപറ്റി സമാശ്വാസം കൊണ്ടിരുന്നവർ, വെള്ളം കുടിച്ച് വയർ വീർപ്പിച്ചിരുന്നവർ - അവരൊക്കെ വിശപ്പിന്റെ രക്തസാക്ഷികളാണ്. അത്തരം വിഷയങ്ങളെയെല്ലാം വിസ്മരിക്കുകയാണിപ്പോൾ നാം.

പുതുകാലത്ത് വിശപ്പില്ലാതെ തിന്നുന്നവരാണ്. തീറ്റക്കായ് കൃത്യമായ ടൈംടേബിള് പോലും ഉണ്ട്. അധികാര സ്ഥാനങ്ങളിലുള്ളവരിൽ ഇത് കൂടുതൽ വ്യക്തമായി കാണാനാകും. എന്തിനേറെ വിപ്ലവപാർട്ടികൾ പോലും നടത്തുന്ന ബഹുജന സമരമുഖങ്ങളിൽ ഭക്ഷണത്തിന് സമയക്രമം നേരത്തെ പ്രഖ്യാപിക്കുന്ന രീതിയാണല്ലോ ഇപ്പോൾ. പണ്ട് കാലത്ത് സമരമുഖങ്ങളിൽ പോരാട്ട ഊർജ്ജം നിലനിർത്താനായി അവശ്യസമയങ്ങളിൽ അവശ്യത്തിനുമാത്രം സമീകൃത ഭക്ഷണം കഴിക്കുക എന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. അക്കാര്യത്തിന്റെ ഒരു ദൃശ്യവത്ക്കരണം മലയാളത്തിന്റെ മാക്സിംഗോർക്കി എന്ന് വിശേഷിപ്പിക്കുന്ന മഹാ എഴുത്തുകാരനായ ചെറുകാടിന്റെ 'ജീവിതപ്പാത' ഉൾപ്പെടെയുള്ള രചനകളിൽ കാണാനാകും. സഖാവ് എ.കെ.ജി സംഘടിപ്പിച്ചിരുന്ന സമരമുഖങ്ങളിലും വിശപ്പിന്റെ അവസ്ഥ പ്രകടമാകുന്ന കാലം ഓർക്കേണ്ടതാണ്.

**അതിജീവനം**

ഇപ്പറഞ്ഞ സംഗതികളൊക്കെ 'അന്തകാലത്തേത്' എന്ന് പറഞ്ഞ് തള്ളാൻ ഇന്തകാലത്ത് നമുക്ക് കഴിഞ്ഞേക്കാം. അതാണല്ലോ ഇപ്പോൾ ചെയ്യുന്നതും.

ഒരു കാര്യം കട്ടായം. വരും നാളുകൾ ശാസ്ത്രമയമാകാമെങ്കിലും, അവിടെ മനുഷ്യാവസ്ഥ പൂർണ്ണമായും യന്ത്രസമമാകും എന്നതാണ്. പക്ഷെ ബുദ്ധിയുള്ള ജന്തു എന്ന നിലയിൽ മനുഷ്യന് അതിജീവനപാത നന്നായി ഒരുക്കാൻ കഴിയും എന്ന ബോധ്യം നാം കൈവിടരുത്. ആ അവസ്ഥയിൽ കുറെ നാൾകൂടി നിലവിലുള്ള സുന്ദരലോകത്തെ സഹയാത്രികരായി നമുക്ക് പോകാനാകും അല്ലെങ്കിൽ എന്തായിരിക്കും എന്ന് കാത്തിരിക്കാം. ●



# തെരുവ്



ശിവൻ തലപ്പുലത്ത്

ഇടുങ്ങിയ ഹൃദയത്തെരുവിൽ
അലഞ്ഞു തിരിയുന്ന
നിശബ്ദതയുടെ ഈരടികൾ

ഇനിയും തീരാത്ത യാത്രയിൽ വാക്കുകൾ
ആരെയോ പ്രാകികൊണ്ട് നടന്നകന്നു

ഗതികേടുകളുടെ
ഘോഷ യാത്രക്ക്
അനുമതി കൊടുക്കേണ്ടെന്ന്
വെളുക്കെ ചിരിയുടെ അപ്പോസതോലൻമാർ

ഇനിയൊരു അറിയിപ്പ് വരും വരെ
ആരും ചിരിക്കേണ്ടതില്ലെന്ന് വാറോലയുടെ
വാൾ തലപ്പുകൾ
കള്ളം കടിച്ചു വലിച്ച്
പല്ലിന്റെ മേൽകൊയ്മ
പോയതിൽ
വേപതി പൂണ്ട്
ഉഷ്ണരോഗികൾ

കരയാൻ മടിക്കുന്നത് ചിരിക്കാനില്ലാത്തതുകൊണ്ടാണെന്ന്
നിലാവിന്റെ കൂട്ടുകാർ
മറുത്തു പറയാത്തത്
വില്പനക്ക് വിലയില്ലാത്തതു കൊണ്ടെന്ന് പറഞ്ഞവർ
വാക്കിന്റെ തെളിച്ചമില്ലായ്മയിൽ
കുടുങ്ങി കിടക്കുകയാണിപ്പോഴും

# ഒരു പറ്റു പുസ്തകം



ഇടയ്ക്കൊന്ന് മറിച്ചു നോക്കിയപ്പോഴാണ് കണ്ടത്
കൂടുതലും കൊടുക്കാനുള്ള കണക്കുകൾ തന്നെയെന്ന്...

ചിലർക്ക് വേണ്ടി എന്നോ എഴുതി വെച്ച
ചില മറുപടികൾ തൊട്ട്
ചിലരോടുള്ള പ്രതികാരം വരെയും
ആ പുസ്തകത്തിൽ കുറിച്ചിട്ടുണ്ട്...

നൽകിയ വേദനകളും
അതിനൊപ്പം എത്തിച്ചേർന്ന സങ്കടങ്ങളും
കൂട്ടിക്കിഴിക്കലുകൾക്കതീതമാണ്...

ഒറ്റപ്പെടുത്തിയവരറിയാൻ വേണ്ടി മാത്രം
ചില കുറ്റപ്പെടുത്തലുകളും എഴുതിയിട്ടിട്ടുണ്ട്...

കിട്ടിയതും കൊടുത്തതും തമ്മിലുള്ള താരതമ്യത്തിൽ
തോൽവിയെന്നും കൊടുത്ത സ്നേഹത്തിനാണ്..
അത് വളരെ കുറവാണ്...

ഇന്ന് വരേക്കും ആർക്കും നൽകാനില്ലാത്തതൊന്ന്
അത് പണം മാത്രമാണ്..
നിസ്സാരമെങ്കിലും ഇങ്ങോട് കിട്ടാനുണ്ട്..
അതിന്റെ കണക്കാണേൽ മറന്നിട്ടുമുണ്ട്...

ഈ പുസ്തകം തീരാറായിട്ടുണ്ട്..
ആയുസ്സും തീരാറായി കാണണം..
അതിന്റെ കണക്കറിയാത്തത് കൊണ്ട്
പുസ്തകത്തിലെ കണക്കുകൾ പലതും
പാതിക്ക് വെച്ച് പോകേണ്ടി വരുമായിരിക്കണം..

അതിനു മുൻപേ ഇത് കുറെയധികം തീർക്കണം..
കഴിയുമെങ്കിൽ ഇനിയൊന്നു കൂടെ തുടങ്ങാതെ നോക്കണം



അലിഷ മാഹിൻ

കവിത

# യാത്ര



രഹന

നിന്നോടൊത്തൊരു
യാത്ര പോകാൻ ഞാനും കൊതിച്ചു

നിന്റെ കൈകളിൽ
എന്റെ കൈകൾ കോർത്ത്
ഒത്തിരി ദൂരം നടക്കാനും
ഞാനും ആഗ്രഹിച്ചു

കേൾക്കാൻ കൊതിച്ചതെല്ലാം
നീയെൻ കാതോരം വന്ന്  മൊഴിയുമ്പോൾ...
ആവേശത്തോടെയാ
കഥകൾ കേൾക്കാൻ
ഞാൻ കൊതിച്ചു

ഒരിക്കലും പറഞ്ഞു തീരാത്ത
എന്റെ വിശേഷങ്ങൾ
നിന്നോട് പങ്കിട്ടുമ്പോൾ
എന്റെ ഹൃദയം നിന്നോട്
ചേർത്തു വെച്ചിരുന്നു

നിന്റെ വിരൽത്തുമ്പിൽ പിടിച്ചു
ഒരു കുഞ്ഞിനെ പോലെ
കണ്ണുകളിൽ നിറയെ
കൗതുകം ഒളിപ്പിച്ച്
പ്രകൃതി നമുക്കായ് ഒരുക്കിയ
മനോഹര കാഴ്ച്ചകൾ
ഓരോന്നും കണ്ടാസ്വദിക്കാനും
നീയുണ്ടായിരുന്നു



നിനക്കെന്നോടുള്ള
ഇഷ്ടത്തിന് അതിരുകളില്ലായിരുന്നു
മതിമറന്ന് നീയെന്നെ നോക്കുമ്പോൾ
എല്ലാം മറന്ന് നിന്റെ മാറിലെ
ചൂടേറ്റ് കിടക്കുമായിരുന്നു


പറഞ്ഞു തീരാത്ത
ഒത്തിരിയൊത്തിരി
കഥകൾ വീണ്ടും വീണ്ടും
പറയാനും കേൾക്കാനും
നീ എന്നരികിലില്ലല്ലോ

ആ കണ്ണുകളിൽ
ഒളിഞ്ഞിരിക്കുന്ന ഇഷ്ടം
ആവോളം നുകരാനും

 'നീയാണ് എന്റെ ലോകം '
എന്ന് നീ പറയുമ്പോൾ
ഹൃദയം തുളുമ്പും
സന്തോഷത്താൽ
 തുള്ളിക്കൊരുകുടം
പെയ്യുന്ന മഴയിൽ
എല്ലാം മറന്ന് ഒരു കുടക്കീഴിൽ
 ചേർന്ന് നടക്കാനും
മോഹമില്ലെ നിനക്ക്

എനിക്ക് ഒരു യാത്ര പോകണം
നിന്റെ ഒപ്പം

ഒത്തിരി  ഒത്തിരി ദൂരേക്ക്
ആരുംകടന്ന് വരാത്ത ദൂരേയ്ക്ക് പോകണം







ഷംല ജഹ്ഫർ

# കണ്ണിൽ കോറിയത്

ദേശാടനത്തിലെ
കാഴ്ച്ചയിൽ
കോറിയ ചിത്രം
ആകാശം തേടിയ
അയാളെ
പൊള്ളിയടർത്തി .
ഉൾച്ചുഴിയിലെ
ഇരുൾ വഴികളിലാകെ
നോവലകൾ ;
തീക്കാറ്റിൽ
ആടിയുലയുന്ന
വിശപ്പിന്റെ വിളികൾ
നെഞ്ചു തുളക്കുന്ന
ദൈന്യതയുടെ നോട്ടം .

ചിറക് പറിച്ചെറിയപ്പെട്ടു
നിസ്സഹായത
വരിഞ്ഞു
മുറുക്കിയൊരുവൾ ,
കൊക്കിൽ
ഓക്കാനിച്ച എച്ചിൽ ;
ചിതറിവീണ
ചില്ലകളിൽ
പിടയുന്ന ജീവൻ
ആ ജീവനിൽ
ചേർത്തുപിടിച്ച
നെഞ്ചകം .

അധികാരത്തിന്റെ
കൂർത്ത നഖങ്ങളിൽ
തൂങ്ങുന്നത്
ജനാധിപത്യത്തിന്റെ
കറുത്ത എല്ലുകൾ .

മതിൽകെട്ടിനുള്ളിൽ
അടുക്കി വെച്ചിരിക്കുന്നു
രക്തസാക്ഷികളുടെ
ചിതലരിച്ച ഓർമ്മകൾ ;

കെട്ടിനിറുത്തിയ
വെള്ളത്തിൽ
ചത്തുപൊങ്ങുന്ന
കുമിളകൾ ,
നിശ്ശബ്ദരാക്കപ്പെട്ടവരുടെ
ഒച്ചപൊങ്ങാത്ത
നിലവിളികൾ .





നിഥിൻകുമാർ ജെ പത്തനാപുരം

# നഷ്ടങ്ങളുടെ ഉത്തരം

ഈ യാത്രയിലുടനീളം ചിന്തകളില്ലാതെ,
ഭാരശൂന്യമായി മേഘങ്ങളുടെ തിരമാലയിൽ ഒഴുകിച്ചേരും.
താഴേയൂഴി കാണാതെ.. മേഘകൊട്ടാരതണലിൽ കാത്തിരിക്കും.
വിരളമായിയെത്തുന്ന കൃഷ്ണപരുന്തിന്റെ ചിറകിൽ,
ഞാനൊരു ചെറുമേഘ കട്ടക്കൂടി ചേർത്തുവെയ്ക്കും.
ഇളം ചാരനിറത്തിലിത്തിരി വെള്ളയുള്ള ഭാഗമുണ്ട്,
അവിടെ ഞാനെന്റെ ജീവിതം കുറിക്കും.
ഒരുവരിയിൽ എഴുതിചേർത്ത ജീവിതത്തിനുമൊരു
ശീർഷകം നൽകും, ഒറ്റവാക്കിൽ.
താഴേക്ക് പെയ്തൊഴിയുന്ന കണ്ണുനീരിൽ ഞാനുമുണ്ട്.
ദുഖത്തിന്റെയല്ല... ജീവിതം ജീവിച്ച നിർവൃതിയുടെ....
കൊട്ടാരമുറ്റത്ത് ഞാനൊരു വെള്ളരിപ്രാവിനെയും കണ്ടു..
ജീവിച്ചകാലത്തോളം കാണാതെപോയ ഒന്നിനെ.
ഇന്ന് ഞാനെന്റെ അശ്രുവിൽ മധുരം ചേർത്തുകഴിഞ്ഞു.
ലാഭാമെന്ന ശീർഷകത്തിനു താഴെയായി ചേർത്തൊരുവരി ജീവിതമിതാണ്!
'നഷ്ടങ്ങളൊക്കെ ചേർത്തൊരു കണക്കിനുത്തരം ലാഭം'.



# മായാത്ത നിഴലുകൾ

പഞ്ചേന്ദ്രിയങ്ങളും
വഞ്ചിക്കപ്പെടുന്നീലോകത്തെൻ
ചിന്തകളും പണയപ്പെട്ടു പോകുന്നു!
കണ്ടതെല്ലാം, കാണുവാനായ്
അണിയിച്ചൊരിക്കിയതാണ്
കേട്ടതെല്ലാം കേൾക്കുവാനായ്
ആരോ കേൾപ്പിച്ചതും.
എല്ലാം ഛായക്കൂട്ടുകളാൽ
തേച്ചുമിനുക്കിയവ
വായിച്ചറിഞ്ഞത് പലതും
അധികാര ഇടനാഴികളിൽ
നിർമ്മിക്കപ്പെട്ടവയായിരുന്നു.
യുദ്ധതന്ത്രങ്ങളും ചതികളും
കുഴിച്ചുമൂടിയ ചരിത്രവഴികളിൽ,
ചോരയുടെ പാടുകളും
കരിഞ്ഞ അടയാളങ്ങളും
മാത്രമേ ഉണ്ടായിരുന്നുള്ളു..!
മാഞ്ഞുതുടങ്ങിയ
ചരിത്ര സദസ്സുകളിൽ,
ചതുരംഗവും ചഷകവും
അപമാനിക്കപ്പെട്ട സ്ത്രീത്വവും
മാറാല കെട്ടിനുള്ളിൽ
ശ്വാസം മുട്ടി
ചത്തുകിടക്കുന്നുണ്ട്;
കൂട്ടചിരിയുടെ മുഴക്കം
അത്; ഇപ്പോഴും
മാറ്റൊലി കൊള്ളുകയാണ്..
മനുഷ്യമനസ്സുകളുടെ
ഉണങ്ങാത്ത മുറിപാടുകൾ
ചരിത്ര വഴികളിലെവിടേയും
ചാട്ടവാറടിയുടെ
മായാത്ത നിഴലുകളായ്
മറഞ്ഞു നിൽക്കുന്നു..
ആ നിഴലുകൾ ചൂണ്ടിയ
വഴികളിലൂടെ പോകുമ്പോൾ
ചേരികളിലും വയലിടങ്ങളും
തൊഴിൽ ശാലകളിലുമായ്
സ്നേഹത്തിന്റെ ചങ്ങലയാൽ
ബന്ധിതരായ
കുറേയേറെ മനുഷ്യരേ
ഇപ്പോഴും കാണാം;
ഭൂമിയിൽ സ്വർഗം സൃഷ്ടിക്കുന്ന
മനസ്സുകളെ..!
വിശക്കുന്ന കണ്ണുകളും
വിയർപ്പുമണക്കുന്ന ചിന്തകളുമുള്ള
പച്ചമനുഷ്യരെ!
അധികാരത്തിന്റെ കണ്ണിലെ
കരടുപോലുമാകാൻ
അറിയാത്ത
വെറും പാവം മനുഷ്യരെ..!



വി.ജി മുകുന്ദൻ

# വില്പത്രത്തിലില്ലാത്തത്...



പ്രിൻസ്.ടി.എം.

കുഴിമാടത്തോളം പോയ
വിലാപങ്ങൾ തിരിച്ചെത്തി
തീൻമേശയിൽ സ്വാദ് തിരയുന്നു..
ഉറക്കം കെടുത്തിയ രാത്രിയുടെ
ആലസ്യം, കിടക്കയിൽ വീണ്
കണ്ണ് പൂട്ടുന്നു..
ചുമരിലെ പരേതന്റെ
ചിത്രത്തിന് വലിപ്പം കുറഞ്ഞതിൽ
ബന്ധുവിനെ ശകാരിക്കുന്നുണ്ടൊരാൾ..
ചിത്രത്തിന് ചുവട്ടിലിരുന്നൊരു കുട്ടി
മൊബൈൽ കുത്തി രസിക്കുന്നു..
വില്പത്രം വെച്ച അലമാരയുടെ
താക്കോൽ നഷ്ടപ്പെട്ടതിൽ
അസ്വസ്ഥത ഉൾച്ചുമരിനുള്ളിൽ
പിറുപിറുക്കലാകുന്നുണ്ട്.
തെക്കേ പറമ്പിലെ യജമാനന്റെ
കുഴിമാടത്തിനരികിൽ
ഒരു നായ്
ഞരങ്ങി കൊണ്ട് കിടക്കുന്നുണ്ട്.
ആരോ കൊടുത്ത അന്നം
കഴിക്കാതെ അരികത്തിരിക്കുന്നുണ്ട്.
അത് തിന്നാൻ
തക്കം പാർത്തിരിക്കുന്നുണ്ട്
ബലിക്കാക്കകൾ ചുറ്റിനും.



# സാന്ത്വനം



നീ പറയുകയല്ല മന്ത്രിക്കയാണെന്റെ ഹൃദയത്തോട്


വേനൽ നീറ്റിയ വസുധയാം മനസ്സിന്
നീ
വെറുമൊരു മഴയല്ല
പെയ്തണയുന്നൊരു മധുമാരി.

സങ്കടക്കയത്തിലാണ്ടു പോകുമ്പോൾ
നീളും
അലിവാർന്നൊരു കരമല്ല നീ
പതിയെ
നെഞ്ചോടുചേർക്കുമൊരാലിംഗനം.

വിങ്ങി വിതുമ്പുന്ന മാനസത്തിൽ
കുളിരോലും
വെറുമൊരു  മൃദുസ്പർശമല്ല
പനിനീരിൽ അലിയുന്ന ചന്ദന സ്നിഗ്ദ്ധത...



ഗീത ജയകുമാർ





നിത്യലക്ഷ്മി

# ഓർമയിലെ വായനകൾ

## ദേവൂന്റെ പുസ്തകം

ഓർമകളിലെ പുസ്തകങ്ങൾക്കൊക്കെ ഒരു അമ്മയോർമയോ പള്ളിക്കൂട ഓർമ്മയോ ചേർത്ത് പിടിക്കാനുണ്ടാകും എന്ന മട്ടിലായിരുന്നു പത്താം ക്ലാസ്സ് വരെയുമുള്ള എന്റെ വായനാനുഭവങ്ങൾ.

എന്നാൽ സൗഹൃദങ്ങൾക്കും നമ്മുടെ നിറക്കൂട്ടുകൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ വലിയൊരു പങ്കുണ്ടെന്ന് ഞാൻ തിരിച്ചറിയുന്നത് പത്ത് കഴിഞ്ഞ് നിൽക്കുന്ന അവധിക്കാലത്താണ്. അന്ന് ഞാൻ പഠിച്ച ട്യൂഷൻ ക്ലാസ്സിൽ പത്ത് കഴിഞ്ഞ് നിൽക്കുന്ന കുട്ടികൾക്കായ് ഒരു ൂെീസലി ലിഴഹശവെ ക്ലാസ്സ് വയ്ക്കാറുണ്ടായിരുന്നു. വേനലവധിയും പ്ലസ് വൺ അഡ്മിഷൻ നടക്കുന്നത് വരെയുള്ള അവധിയും ഒക്കെ ചേർത്തുള്ള മൂന്ന് മാസത്തെ അവധിക്കാലത്ത് സമയം പോകുന്നതിന് എന്റെ ഏറ്റവും അടുത്ത സുഹൃത്ത്, ദേവു എന്ന് ഞാൻ വിളിക്കുന്ന ദേവിക, എനിക്കൊരു പുസ്തകം തന്നു . എന്റെ ഓർമ്മകൾക്കിടയിൽ ആദ്യമായി ഒരു സുഹൃത്ത് തരുന്ന പുസ്തകമായിരുന്നു അത്.

പുസ്തകത്തിലേക്ക് വരുന്നതിന് മുൻപ് അത്ര നാളത്തെ എന്റെ വായന എന്തായിരുന്നു എന്ന് ഞാൻ ഒന്ന് ചുരുക്കിപ്പറയാം. അമ്മ വല്ലപ്പോഴും ഏതെങ്കിലും പുസ്തകങ്ങൾ സമ്മാനിക്കും എന്നതും, പുഷ്പരാജ് സാറോ ജോസഫ് സാറോ വായനാക്കുറിപ്പ് എഴുതി വയ്ക്കണമെന്ന് പറയുമ്പോൾ പഠനസ്ഥലത്തെ ലൈബ്രറിയിൽ നിന്നെടുക്കുന്ന പുസ്തകങ്ങൾ വായിക്കും എന്നതുമൊഴിച്ചു നിർത്തിയാൽ ആ കാലഘട്ടത്തിൽ കാര്യമായ വായന നടന്നതായി തോന്നുന്നില്ല. മിക്കവാറും സമയം പഠിക്കാനുള്ള പുസ്തകങ്ങളിലോ ട്യൂഷൻ ക്ലാസ്സിലോ സ്കൂളിലോ ഒക്കെയായ ഒരു ജീവിതം. പബ്ലിക് ലൈബ്രറി പോയിട്ട്, പ്രാദേശിക ലൈബ്രറികളിൽ പോലും ഒരു ാലായലൃവെശു ഇല്ലാതിരുന്ന, ഫോൺ ഉപയോഗിച്ച് തുടങ്ങാത്ത ഒരു കാലം. അതിനിടയിലേക്കാണ് ദേവു 'ഒരു ദേശത്തിന്റെ കഥ' വച്ച് നീട്ടുന്നത്. അവൾക്കെപ്പോഴും അവളുടെ അമ്മ പുസ്തകങ്ങൾ വായിച്ച് കഥ പറഞ്ഞു കൊടുക്കാറുണ്ട്. പല കഥകളും അവൾ എനിക്ക് പറഞ്ഞു തരാറുമുണ്ടായിരുന്നു. പുസ്തകം തന്നപ്പോൾ എനിക്ക് വലിയ സന്തോഷം ഒക്കെ തോന്നിയെങ്കിലും അതിന്റെ വലിപ്പം

കണ്ട് കണ്ണ് തള്ളിപ്പോയി. അത്ര വലിപ്പത്തിലൊരു പുസ്തകം ഞാൻ അത്ര കാലം വായിച്ചിട്ടുണ്ടായിരുന്നില്ല.

പതുക്കെ വായിച്ചിട്ട് നീ എന്നെങ്കിലും തന്നാൽ മതിയെന്ന വാക്കിൽ ഞാൻ വീണു എന്ന് പറഞ്ഞാൽ മതിയല്ലോ, അല്ലാതെ ഏഴാം ക്ലാസ്സിൽ പഠിച്ച ചെമ്പോത്തിന്റെ കഥ ഈ പുസ്തകത്തിൽ ഉണ്ടെന്ന് അറിഞ്ഞിട്ടൊന്നും ആയിരുന്നില്ല. അതൊക്കെ അറി



എസ്.കെ.പൊറ്റെക്കാട്

യുന്നത് പുസ്തകം വായിച്ച് തുടങ്ങിയതിൽ പിന്നെയാണ്.

പക്ഷേ, വായന തുടങ്ങുന്നതിലും ഒരു നിശ്ചലാവസ്ഥയുണ്ടായിരുന്നു. അക്കാലത്തെ എന്റെ ഏറ്റവും വലിയ ആഗ്രഹം ഡാൻസും പാട്ടും പഠിക്കാൻ പോകണം എന്നുള്ളതായിരുന്നു. പഠിക്കാൻ പോയാൽ കഴിവില്ലെങ്കിൽ പോലും എല്ലാം പറ്റുമെന്നൊക്കെ ആയിരുന്നു എന്റെ ധാരണ എങ്കിലും, ദക്ഷിണ കൊടുക്കാൻ വെറ്റിലയും അടയ്ക്കയും വാങ്ങി വച്ചിരിക്കുകയായിരുന്നെങ്കിലും, ക്ലാസ്സിന് പോകാനിരുന്ന കൃത്യം ആ ദിവസം ഞാൻ ദാ കിടക്കുന്നു താഴെ. ഒരു തലകറക്കം! അതോടെ ഡാൻസ് ക്ലാസ്സ് സ്വാഹ.

വലിയ ആഗ്രഹങ്ങൾ മുടങ്ങിപ്പോകുമ്പോഴുള്ള നിരാശയിൽ, കമ്പി കെട്ടിയ പല്ല് കിറുങ്ങി വീണപ്പോൾ ഇടിച്ചു വീങ്ങി നല്ല പരുവത്തിലായ ചുണ്ടും തടവി, അന്ന് ട്യൂഷൻ പഠിക്കാൻ എന്റെയടുത്ത് വന്നു കൊണ്ടിരുന്ന ചേച്ചിയുടെ മക്കളെയും പറഞ്ഞ് വിട്ട് ഫാനിൽ നോക്കി കിടക്കുമ്പോഴാണ് എന്റെ കൈയിൽ അത് തടഞ്ഞത്!

ദേവു വായിക്കാൻ തന്ന പുസ്തകം!

പിന്നെ ഒരു യാത്രയായിരുന്നു. ശ്രീധരനും എന്നെപ്പോലെ പത്ത് കഴിഞ്ഞ് നിൽക്കുന്ന സമയമായിരുന്നല്ലോ, അത് കൊണ്ട് തന്നെ എനിക്ക് വളരെ വേഗം ശ്രീധരനെ എന്റെ ഏറ്റവും അടുത്ത സുഹൃത്തായി തോന്നി, അവന്റെ സങ്കടവും സന്തോഷവുമെല്ലാം കേട്ടിരിക്കുന്ന ഒരു കൂട്ടുകാരിയായിരുന്നു അപ്പോൾ ഞാൻ.

ഒടുവിൽ മുഴുവൻ പേജും വായിച്ച് കഴിഞ്ഞപ്പോൾ, എനിക്കെന്തോ പത്ത് കഴിഞ്ഞ് ഇനി എന്ന് നമ്മളിങ്ങനെ ഒന്നിച്ചിരിക്കും എന്ന് പറഞ്ഞു കരയുന്ന കൂട്ടുകാരെയൊക്കെ ഓർമ വന്നു. പിരിഞ്ഞു പോയ കൂട്ടുകാരിൽ ഒരാൾക്കൊപ്പമാണ് ഇന്നും ശ്രീധരനെ ഞാൻ ചേർത്തിട്ടുള്ളത്.

അത് മാത്രമോ, ശ്രീധരന്റെ പ്രണയം പോലെ ശ്രീധരനെ പ്രണിയിച്ച പോലെ, മരണക്കിടക്കയിൽ കിടന്ന് ആരോ ഒരാൾ എനിക്ക് വേണ്ടി പ്രേമലേഖനം എഴുതി, ആരെയെങ്കിലും ഏൽപ്പിക്കും എന്ന് പോലും ഞാൻ ചിന്തിച്ചിരുന്നു എന്നൊക്കെ ഇന്നോർക്കുമ്പോൾ തമാശ തോന്നും.

ശ്രീധരനൊപ്പമുള്ള യാത്ര അവിടെ അവസാനിച്ചുവെന്നാണ് ഞാൻ കരുതിയിരുന്നത്, പക്ഷേ അതൊരു തുടക്കം മാത്രമായിരുന്നു എന്ന് ഞാനറിയുന്നത് പ്ലസ് വൺ ക്ലാസ്സ് തുടങ്ങിയ ശേഷം സ്കൂളിൽ ചെന്ന് ഞാൻ കവിതകൾ എഴുതാൻ തുടങ്ങിയപ്പോഴാണ്. ശ്രീധരനും കവിതയുടെ സൂക്കേട് കൂടുതൽ ആയിരുന്നല്ലോ. ഇപ്പോൾ ഓർക്കുമ്പോൾ മനസിലാകുന്നുണ്ട്, ശ്രീധരൻ എന്നെ എത്ര മാത്രം ബാധിച്ചിരുന്നുവെന്ന്, അതാണല്ലോ ഈ മഴയുള്ള രാത്രിയിലും മൂടിപ്പുതച്ചുറങ്ങാതെ ഞാനിങ്ങനെയിരുന്ന് ശ്രീധരനെയും അവനെ എനിക്ക് സമ്മാനിച്ച ദേവുവിനെയും ഓർക്കുന്നത്!

ദേവൂ, നിനക്ക് എന്റെ ഹൃദയത്തിൽ നിന്ന് കുറച്ചു ചുംബനങ്ങൾ. ?

●





ജെയ്സൺ കെ.

# വെണ്ണിലാവിന്റെ ചക്രവർത്തി

**വി**ഷപ്പുകയേറ്റു ശ്വാസം തള്ളിയും, ശബ്ദഗരിമയുടെ അനസ്യൂതമായ ആവർത്തനങ്ങളിൽ വിരസത പൊതിഞ്ഞും, കാലപ്രവാഹത്തിന്റെ സത്യവും മിഥ്യയും ഒരു ജനിതക തന്മാത്രപോലെ കൂടിചേർന്ന് ഒഴുകുന്ന നിയോഗത്തിന്റെ ഇരുണ്ട നിഴലുകൾ പോലെ അന്യത്വത്തിന്റെ കൈയൊപ്പുകൾ ചാർത്തി അതിദ്രുതം ഒഴുകുന്ന ജനതതികളിൽ മരവിച്ചു കിടന്ന ഹൃത്തിനെ പുനർജ്ജീവനത്തിന്റെ വഴിത്താരകളിൽ എത്തിക്കുവാനാണ് ചക്രവർത്തി തന്റെ കിരീടവും സാമ്രാജ്യവുമെല്ലാം ഉപേക്ഷിച്ച് ആ വിശ്രാന്തിയറിയാത്ത തെരുവിന്റെ ഹൃദ്താളം മറന്ന് വെണ്ണിലാവ് എന്ന ഗ്രാമത്തിൽ എത്തിയത്.

പേരിനെ തികച്ചും അന്വർത്ഥമാക്കി സൃഷ്ടി അതിന്റെ അസ്തിത്വത്തിന്റെ എല്ലാ സജീവതയും ആത്മാവിൽ പുഷ്പിച്ച ഒരു ജീവചക്രത്തിന്റെ ചക്രവ്യൂഹങ്ങളിൽ പടർന്നൊഴുകുന്ന അനുഭൂതി നിറഞ്ഞ ഗ്രാമം.

വെൺ നിലാവാകാം. വെണ്ണിലാവായി ഭാഷാന്തരം സംഭവിച്ചത്. അതിന് പിന്നിൽ ഒരു കാവ്യഗുണം ലഭിച്ച മനസ്സുണ്ടാകാം.

ചുറ്റും ചുവന്ന കുന്നുകളും, വനാന്തരങ്ങളും അതിരിട്ട ഗ്രാമത്തിന് വെള്ളി അരഞ്ഞാണം കെട്ടി ശാന്തമായൊരു നിർവൃതിയിൽ ഏതോ മോക്ഷ പ്രാപ്തിയെന്നപോലെ ഒഴുകുന്ന പുഴ.

വനാന്തരത്തോടു ചേർന്നു നിൽക്കുന്ന ചക്രവർത്തിയുടെ അഞ്ചുനിലയുള്ള കൂറ്റൻ കൊട്ടാരത്തിന് മുകൾനിലയിൽ നിന്നും വെള്ളച്ചാട്ടം സ്വീകരണ മുറിക്കുള്ളിലൂടെ നിപതിച്ച് നുരഞ്ഞുപതഞ്ഞു പുറത്തേക്ക് ഒഴുകുന്നു. അതിവിദഗ്ധമായി ആ കൊട്ടാര ശില്പി പ്രകൃതി സൌന്ദര്യത്തെ മനുഷ്യജീവിതവുമായി സന്നിവേശിപ്പിച്ച് നാം പരിസ്ഥിതി പ്രാധാന്യത്തോടെ ജീവിതയാത്ര തുടരേണ്ടതെങ്ങനെയെന്ന സന്ദേശങ്ങൾ വെളിപ്പെടുത്തുന്നു.

ചക്രവർത്തി പ്രകൃതിയോടിണങ്ങാൻ തുടങ്ങിയതിന്റെ നേർസാക്ഷ്യമായി തന്റെ കൊട്ടാരത്തിൽ കാവൽക്കാരായ യന്ത്രറോബോട്ടുകളെയെല്ലാം മാറ്റി പകരം പരിശീലനം കൊടുത്ത കരിമൂർഖന്മാരേയാണ് വളർത്തുന്നത്. കൊട്ടാര കെട്ടിലെ തന്റെ പഞ്ചപത്നിമാരേയും പരിചാരകവൃന്ദങ്ങളേയും അവ ഉപദ്രവിക്കാറില്ല. മറ്റു അന്യ മുഖങ്ങളെ കണ്ടാൽ അവ തടഞ്ഞുവച്ച് ഉച്ചത്തിൽ ചീറ്റും. അപ്പോൾ ച്രകവർത്തിയോ, പത്നിമാരോ കടന്നുവരും. ആ സമയം നാഗങ്ങൾ ആജ്ഞയ്ക്കായ് ചെവിയോർത്ത് കാത്തുകിടക്കും.

വെണ്ണിലാവ് എന്ന ദേശത്തിന്റെ കാണപ്പെട്ട ദൈവമാണ് ചക്രവർത്തി എന്ന കോടീശ്വരൻ. ദേശത്തെ ജനതതികളുടെ ആശ്രയവും, അഭിമാനവും, അഹങ്കാരവുമായി ആ കോടീശ്വരൻ വളർന്നു. അയാൾ തന്റെ തങ്കക്കട്ടിലിൽ എന്നും നൂറിന്റേയും, അഞ്ഞൂറിന്റേയും, ആയിരത്തിന്റേയും രണ്ടായിരത്തിന്റേയും ചുളിവു വീഴാത്ത നോട്ടുകെട്ടുകൾ മാറ്റി മാറ്റി അടുക്കായി വച്ച് അതിന്മേൽ ദിവസവും ഓരോ സുന്ദരിമാരായ ഭാര്യയോടൊത്താണ് ശയനസുഖം നേടുന്നത്. എപ്പോഴും കിടപ്പറയുടെ വാതിലിന് പുറത്ത് രണ്ട് കരിനാഗങ്ങൾ കാവൽ നിൽക്കുന്നുണ്ടാവും അവ ദൂരേ നിന്നുള്ള ശബ്ദവീചികളെ തിരിച്ചറിയുകയും വാതിലിൽ തട്ടി മുന്നറിയിപ്പു നൽകുകയും ചെയ്യും.

രാത്രി തങ്കത്തിൽ കൊത്തുപണി ചെയ്ത തീൻമേശയിൽ പഞ്ചപത്നീ സമേത നായി ഭക്ഷണ വിഭവങ്ങൾ ആസ്വദിക്കുമ്പോൾ ഒന്നാം ഭാര്യ കാഞ്ചന ചക്രവർത്തിയോട് ചോദിച്ചു.

"പ്രിയനേ കായകല്പചികിത്സക്ക് ശേഷം നിങ്ങൾ അതീവ ചെറുപ്പവും, ആരോഗ്യവാനും, സുന്ദരനുമായിരിക്കുന്നുവല്ലോ.

"വൈദ്യൻ തന്റെ വാക്ക് പാലിച്ചു. അതിനുള്ള പ്രതിഫലവും ഞാൻ അയാൾക്ക് നൽകി. അങ്ങിനെയൊരു വലിയ പ്രതിഫലം നൽകുവാൻ നമുക്ക് മാത്രമല്ലേ കഴിയുകയുള്ളൂ സുന്ദരീ".

"അതെ പക്ഷെ ഈയിടെയായി അങ്ങ് ദുഃസ്വപ്നങ്ങൾ കണ്ട് രാവിന്റെ ഏതോ യാമങ്ങളിൽ അലർച്ചയോടെ പിടഞ്ഞുണരുന്നതും, പരസ്പര വിരുദ്ധമായ മൊഴികളുടെ ചെളികുടയുന്നതും ഞാൻ ശ്രദ്ധിക്കുന്നുണ്ട്." "ഞാനുമത് ശ്രദ്ധിക്കുന്നുണ്ട് കാഞ്ചനേ" രണ്ടാം ഭാര്യ നാരീരത്നം പറഞ്ഞു. ഇദ്ദേഹത്തിന് ഇമ്മാതിരി ദുഃസ്വപ്നങ്ങളുടെ പരമ്പരയുണ്ടാവാൻ മനസ്സ് അസ്വസ്ഥമാക്കാതിരിക്കാൻ നമ്മൾ ഓരോ നിമിഷവും ശ്രദ്ധിക്കുന്നുണ്ടല്ലോ.

മൂന്നാം ഭാര്യ പനിനീർ പറഞ്ഞു.

"പറയൂ പതി നിങ്ങളുടെ ബിസിനസ്സിന്റെ അശാന്തമായ ലോകത്ത് എന്തെങ്കിലും താളഭ്രംശങ്ങൾ സംഭവിക്കുന്നുണ്ടോ? വളർച്ച മുരടിപ്പിക്കുന്ന കീടശല്യങ്ങളുടെ പരാക്രമങ്ങളുണ്ടോ ? നിങ്ങൾ ജയിക്കണം അതിന് വേണ്ടി ഞങ്ങൾ എന്തുവേണമെങ്കിലും ചെയ്തുതരും"

മുകളിൽ നിന്നുള്ള അകൃത്രിമമായ ജലപാത്തിന്റെ ചായ്വുള്ള വീഴ്ചകളിൽ നിലാപൊയ്ക പടർന്ന് ചേരുമ്പോൾ കാഴ്ച നയനമനോഹരമാകുന്നു. ആ കാഴ്ചയിൽ മിഴിനട്ടിരുന്ന ചക്രവർത്തി പെട്ടന്ന് സ്ഥലരാശിയുടെ ഓർമ്മപ്പെടുത്തലിലേക്ക് ബോധവാനായി.

"പറയൂ പനീർ നീയെന്താണ് പുലമ്പിയത്? ഈ ഭക്ഷണത്തെകുറിച്ചാണല്ലോ.? ശരി ശരി വളരെ നല്ല രുചികൂട്ടുകൾ... നമ്മുടെ അരവിന്ദ് സ്വാദിന് പ്രത്യേക അഭിനന്ദനം"

"പ്രിയനേ താങ്കൾ ഞങ്ങളിൽ നിന്ന് സ്വയം നഷ്ടപ്പെടുന്നു. ആ മനസ്സ് ഏതോ ഒരുൾച്ചുഴിയിൽ കിടന്നു കറങ്ങുന്നുണ്ട്. അതിന്റെ ആവർത്തനം ഞങ്ങളെ ഉന്മാദിയാക്കി തീർത്തും.

നതാലി തന്റെ മദിച്ചുകയറുന്ന വിഹ്വലതകളിൽ പിടഞ്ഞു. ജന്മാന്തരങ്ങളിലെവിടേയോ നിന്ന് പറന്നെത്തിയ തുമ്പിയുടെ കല്ലെടുക്കുന്ന അവസ്ഥാന്തരങ്ങളിലൂടെ സ ഹനത്തിന്റെ മുറിവുകളറഞ്ഞു. അഞ്ചാമത്തെ ഭാര്യയായ ജാസ്മിനും പരിഭ്രാന്തിയിലാ യിരുന്നു.

"പ്രാണപ്രിയനെ നിങ്ങൾ ഈ പഞ്ചപത്നിമാരോട് ആ സ്വപ്ന രഹസ്യം വെളിപ്പെ ടുത്തുക. ആത്മാവറ്റ പകലറുതികളിലും രാത്രിയുടെ വശ്യയാമങ്ങളാണ് നമ്മെ ധ്യാനവിശുദ്ധിയിൽ പുനരുജ്ജീവിപ്പിക്കുന്നത്. അതും നഷ്ടമാവാൻ തുടങ്ങിയാലെന്തുചെയ്യും. ച്രകവർത്തി പഞ്ചപത്നിമാരെ നോക്കി. ആ വീക്ഷണത്തിന്റെ മധുനുകരുന്ന കരിഭ്രമരത്തിന്റെ സ്ഥൂലത്തിൽ നിന്ന് പരിവർത്തനം ചെയ്ത സൂക്ഷ്മത നിറഞ്ഞു കിട

ന്ന്. ആർദ്രത നിറഞ്ഞുകിടന്ന തപിച്ചു അവരുടെ മിഴിയോരങ്ങൾ ഒരുപാട് അസഹിഷ്ണുതയുടെ കുരിശ് ചുമക്കുന്നതായി ആ കോടീശ്വരന് തോന്നി.

നിങ്ങളുടെ മുന്നിൽ ഞാൻ എന്നുമൊരു തുറന്ന പുസ്തമായിരിക്കും. എല്ലാവരും ഭക്ഷണം കഴിയുമ്പോൾ എന്റെയൊപ്പം വരിക ഭയാനകമായ ചില വെളിപ്പെടുത്തലുകൾക്ക് സമയമായി സ്വപ്ന ദർശനം എന്റെ ബോധങ്ങളിൽ പടർത്തിയ വെളിപാടുകൾ ഉപബോധങ്ങളിൽ പൊടിക്കുന്ന ലാവയാകുന്നു.

അവർ ആറുപേരും ഭക്ഷണം നിർത്തി നാലാം നിലയിലേക്കുള്ള ഹൈസ്പീഡ് ലിഫ്റ്റിന്റെ വാതിലിലേക്ക് നീങ്ങി, പ്രാർത്ഥനാമുറിയിൽ മെഴുകുതിരി ദിവ്യമായ ചൈതന്യം ആവാഹിച്ചു എരിഞ്ഞു നിന്നിരുന്നു. കൃത്രിമമായ പൂന്തോപ്പും കടന്ന് അവർ ലിഫ്റ്റ് കയറി.

**നാലാം നില**

തങ്ങളുടെ മുഖദർശനം ലഭിച്ചതോടെ സ്വർണ്ണവാതിൽ തനിയെ തുറന്നുവന്നു. അവർ അകത്ത് കയറിയപ്പോൾ താനേ അടയുകയും ചെയ്തു.

വിശാലമായ ആ മുറിയുടെ ഭിത്തികൾ സ്വർണ്ണഫലകത്തിൽ ചിത്രപ്പണികൾ ആലേഖനം ചെയ്തിരുന്നു. വിലകൂടിയ പേർഷ്യൻ കാർപ്പറ്റുകളും, വലിയജലധാരകളും അവിടം അലങ്കരിച്ചിരുന്നു.

"അതീവ രഹസ്യമായ ഈ മുറിയിൽ മനസ്സുതുറക്കുക പ്രിയനേ'

പഞ്ചപത്നിമാരെ നമ്മെപ്പോലെ ഏഴുപേർ ലോകത്തുണ്ടെന്ന് പറയപ്പെടുന്നു. അത് സ്വാഭാവികമായിരിക്കും എന്നാൽ എന്റെ മുഖച്ഛായയുള്ള ആറുപേരിൽ ഒരാൾ എന്നെ വധിച്ച് അധികാരത്തിലെത്തുന്നതും നിങ്ങളെ സ്വന്തമാകുന്നതും ആണെന്റെ സ്വപ്നപര മ്പരകൾ പിന്നീട് നിങ്ങൾക്ക് അയാളെ തിരിച്ചറിയുവാൻ പറ്റുന്നില്ല. അയാൾ എന്നെപ്പോലെ സൌമ്യശീലനല്ല. അയാളുടെ ക്രൂരതയെ ആദ്യമൊക്കെ പുറന്തോലിട്ട് ഒളിപ്പിച്ചു വയ്ക്കും. ഒടുവിൽ നിങ്ങളെ ഒരാളൊഴികെ എല്ലാവരേയും അയാൾ വധിക്കും.

അഞ്ചുപത്നിമാരും നടുങ്ങി. അവരുടെ മുഖം രക്തച്ഛവിവറ്റി വിളറിവെളുത്തു. ജന്മനിയോഗങ്ങളുടെ ആനന്ദാനുഭൂതികളിൽ മഴവില്ല് വിരിയിച്ച് പ്രണയ തീർത്ഥം തളിച്ച സഞ്ചാരങ്ങൾ എന്നേയ്ക്കുമായി ഒടുങ്ങി തങ്ങൾ നാലുപേരും വധിക്കപ്പെടുമെന്നോ. ?

"ഇതു വെറും ഒരു ദുഃസ്വപ്നം മാത്രമാണ് പ്രിയനേ ഒരിക്കലും സഭവിക്കയില്ല നതാലി പറഞ്ഞു. അപ്പോൾ പനിനീർ തന്റെ ആത്മവിശ്വാസം വിളമ്പി.

"അകത്തും പുറത്തുമുള്ള സുരക്ഷയെ മറികടന്ന് ആരും താങ്കളെ വധിക്കുവാനെത്തുകയില്ല."

അപ്പോൾ ചക്രവർത്തി ഭയം മൂലം കടലിലൂടെ നൗകയിൽ യാത്രചെയ്ത ഒരു രാജാവിന്റെ കഥപറഞ്ഞു. കടലിൽ കിടന്ന ഒരു ഞവണക്കയിൽ നിന്നും പുറത്തുവന്ന പാമ്പിൻകുഞ്ഞ് കൊത്തി രാജാവ് ഒടുവിൽ മരണപ്പെട്ട കഥ.

"അതൊക്കെ ഒരു കെട്ടുകഥ' നതാലി സ്വയം ആശ്വസിക്കുവാനും മറ്റുള്ളവരെ ആശ്വസിപ്പിക്കപ്പെടാനും വേണ്ടി പറഞ്ഞു. വിലകൂടിയ ജർമ്മൻ ഷെപ്പേഡ് നായ ആ മുറിക്കകത്തുകൂടി ഉലാത്തിക്കൊണ്ടിരുന്നു. കൂടാതെ ലക്ഷങ്ങൾ വിലപിടിപ്പുള്ള പേർഷ്യൻ പൂച്ചയും ച്രകവർത്തിയുടെ മടിത്തട്ടിലൂടെ സ്നേഹം കൊതിച്ച് ഉരുമ്മി നടന്നു. അയാൾ കുറെ നേരത്തേക്ക് ചിന്താമഗ്നനായി എന്ന് പത്നിമാരോട് അറിയിച്ചു.

"മദാലസകളെ തുടർച്ചയായുള്ള സ്വപ്നങ്ങൾ ഒരു ദുഃസൂചനതന്നെയാണ്. അത് വൃഥാവിലാവില്യ ചില അനർത്ഥങ്ങൾ സംഭവിക്കുവാൻ പോകുന്നു."

പഞ്ചപത്നിമാരുടേയും മുഖം അസ്തമയാംബരം പോലെ വിളറിക്കിടന്നു. അവർക്ക് മറുമൊഴികൾ നഷ്ടമായി ശൂന്യതയുടെ മണലാരണ്യത്തിൽ അലയുന്ന പഥികരായി, അതിജീവനത്തിനുള്ള സാദ്ധ്യതകൾ ചികഞ്ഞ എല്ലാ ചിന്താപഥങ്ങളിലും വിഹ്വലതകളുടെ പതംഗം കൂടുവച്ചു. വസന്തഋതു പൂത്തുകിടന്ന് ഒർമ്മത്താളുകൾ നര വീണപ്പോൾ ഇരുട്ട് തന്റെ അസുര ഗണങ്ങളെ കൊണ്ട് പടപൊരുതി.

ജീവിതം ആരും കാണാത്തൊരു ഒറ്റപ്പെട്ട വഴിയമ്പലങ്ങളിലെ ഭ്രാന്തമായ ഇരുട്ടറകളിലേക്ക് തങ്ങളെ തള്ളിവിട്ട് ഒരുദ്യുതിയെ വേർപ്പെടുത്തുവാനൊരുങ്ങുന്ന രാക്ഷസൻ ആരാണ് ?

തതാലിക്കും, ജാസ്മിനും തലപെരുകുന്നതായി അനുഭവപ്പെട്ടു. മറ്റു മൂന്നുപേർ അവരെ ഇരുവരേയും താങ്ങി തങ്കക്കട്ടിലിൽ കൊണ്ട് പോയി കിടത്തി. അപ്പോൾ അഞ്ചാം

നിലയുടെ ടോപ്പിലുള്ള ഹെലിപാഡിൽ ഒരു കോപ്റ്റർ വന്ന് നില്ക്കുന്ന ശബ്ദം ച്ക്രവർത്തി പെട്ടന്ന് ഉത്സാഹനഭരിതനായി തന്റെ മകൻ വില്യവും ഭാര്യയുമായിരിക്കും അത്. അവൻ തന്റെ അപരൻമാരെക്കുറിച്ച് കുറച്ച് വിവരങ്ങൾ തരാതിരിക്കുകയില്ല. വിവരങ്ങൾ പൂർണ്ണമായാലെ ഒരു അത്യന്തിക വിധി നിർണ്ണയത്തിലെത്തുവാൻ തനിക്ക് കഴിയുകയു ള്ളൂ. പ്രതീക്ഷ തെറ്റിയില്ല ഹെലികോപ്റ്ററിറങ്ങി വില്യം ഭാര്യയുമൊത്ത് പിതാവിന്റെ മുറിയിലെത്തി.

“പറയൂ മകനെ എന്നെ വധിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന എന്റെ അപരന്മാരെ നീ കണ്ടെത്തിയോ, അവരൊക്കെ ആരാണ് ?. എന്റെ നിദ്രകൾ ആഴ്ചകളായി എന്നെ അകന്ന് പോയിട്ട്. ഈ ശാന്തമായ വെണ്ണിലാവ് ഗ്രാമത്തിൽ എനിക്കേറെ പ്രതീക്ഷയുണ്ടായിരുന്നു. പ്രകൃതിയുമായുള്ള പ്രണയ ജീവിതം ഏറെ ആരോഗ്യപ്രദമാണെന്ന് സ്വപ്നം കണ്ടിരുന്നു.

‘പിതാവെ ആറുപേരേയും ഞങ്ങൾക്ക് കണ്ടുമുട്ടാനായില്ല. നാലുപേരെ ഞാനും

ജേഷ്ഠനും, സഹോദരിയും കൂടി കണ്ടെത്തികഴിഞ്ഞു. അവർ പിതാവിന്റെ തനിപകർപ്പ് തന്നെയെങ്കിലും അവരാരും അങ്ങയെ വധിക്കുവാൻ സാദ്ധ്യതയില്ല.”

”അതു നിനക്കെങ്ങിനെ ഉറപ്പിച്ചു പറയുവാൻ പറ്റും. അവർ ആരൊക്കെയാണ്.” ?

“രണ്ടുപേർ ബിസിനസ്സുകാരും ഒരാൾ തുന്നൽക്കാരനും മറ്റേയാൾ കള്ളക്കടത്തു കാരനുമാണ്.”

“കള്ളക്കടത്തുകാരനേയും ബിസിനസ്സുകാരനേയും സൂക്ഷിക്കണം” ‘നമ്മളിപ്പോൾ എന്തുചെയ്യണം. പറയൂ പിതാവേ ‘ “നീ അതിരഹസ്യമായി നാലുപേരുടേയും തലയറുത്ത് കടലിലെറിയണം”

‘ശരി പിതാവേ ഞാനും, ജ്യേഷ്ഠനും അതുതന്നെ ചെയ്തിരിക്കും. മറ്റു രണ്ടു പേരെ കണ്ടെത്തുകയും ചെയ്യൂ.

ചക്രവർത്തിയുടെ മനസ്സിൽ വെളിച്ചം അരിച്ചു വീണു. അതു പഞ്ചപത്നിമാർ മനസ്സിലാക്കുകയും ചെയ്തു.

മറ്റു രണ്ടുപേർ ആരൊക്കെ ? അവരെ കണ്ടെത്തി നിരീക്ഷണ വലയത്തിലാക്കണം.

ചക്രവർത്തി പുലർച്ചെ എഴുന്നേറ്റ് തന്റെ കുതിരാലയത്തിലേക്ക് നടന്നു. ഒരു വെള്ളക്കുതിരയെ ആണ് അന്ന് അയാൾ സവാരിക്കായി തിരഞ്ഞെടുത്തത്.

കാർഷെഡിൽ നിരന്ന് കിടക്കുന്ന വിലപിടിച്ച വിദേശ നിർമ്മിത കാറുകൾ ബോധപൂർവ്വം മറന്നു.

ചക്രവർത്തിയുടെ ബിസിനസ് നടത്തിപ്പുകാരനായ മകൻ വില്യം തന്റെ വാക്കു പാലിച്ചതായും അതിന്റെ പിന്നിലുണ്ടാക്കിയെടുത്തതായ തന്ത്രവും പിതാവിനോട് വിവരിച്ചു. അയാൾ അത്യധികം ആഹ്ലാദിച്ചു. അപരിമിതങ്ങളായ ആ മാനസിക സ്വാസ്ഥ്യം പത്നിമാരുമൊത്ത് അയാൾ അനുഭവിച്ചു.

വീട്ടുവേലകാർക്കെല്ലാം നല്ല സമ്മാനങ്ങൾ നൽകി അപ്പോഴാണ് ഗ്രാമത്തിലെ വനാ ന്തർഭാഗത്തുള്ള ഗുഹയിലെ ജ്ഞാനദർശൻ എന്ന സിദ്ധിയുള്ള ഒരു താപസന്റെ വിവരം ഷ്രകവർത്തിയുടെ ചെവിയിലെത്തുന്നത്. ഏറെ താല്പര്യത്തോടെ താപസന്റെ നിർദ്ദേശപ്രകാരം ചക്രവർത്തി ഏകനായി കുതിരപ്പുറത്തു വനാന്തർഭാഗത്തുള്ള ഗുഹയിലെത്തി.

കോടീശ്വരനെ ദർശിച്ചതും ആ താപസന്റെ മുഖം വിടർന്ന് ശോഭിച്ചു. ആ മനസ്സിലൂടെ ഏറെ നാളായുള്ള മോഹസാക്ഷാൽക്കാരത്തിന്റെ മിന്നൽപ്പിണരുകൾ പാഞ്ഞു. ചക്രവർത്തി ജ്ഞാനദർശനന്റെ കാൽപാദം മുത്തി അനുഗ്രഹം നേടി.

തിരിച്ചു തന്റെ ഭവനത്തിലെത്തിച്ചേർന്ന പതിയെ പത്നിമാർ എല്ലാവരും ചേർന്ന് ആലിംഗനബന്ധരായി ആവേശത്താൽ ചുംബിച്ച് സ്നേഹ പൂക്കൂടകൾ നൽകികൊണ്ടിരുന്നു.

പതിയാവട്ടെ ഒരു അബദ്ധധാരണയിൽ പാവം മീൻകാരനെ വധിച്ചതിൽ ഖേദം കൊള്ളുകയും കുതിരക്കാരനെ വധിച്ചതിൽ ക്രൂരമായി ആനന്ദിക്കുകയും ചെയ്തു. തന്റെ വ്യാജമായ താപസവേഷത്തെ പ്രതി അയാൾ അഭിമാനിക്കുകയും മീശയും താടിയും വടിച്ചിറക്കി കുതിരക്കാരനു സമാനമുഖം നൽകിയ ബാർബർക്ക് സ്വർണ്ണകട്ടികൾ സമ്മാനം നൽകുവാനും മറന്നില്ല.

●



# സുകൃതക്ഷയം

അഭിലാഷ് കാളികാട്ട്

**വീ**ടിന്റെ കോലായിലിരുന്നപ്പോഴാണ് അയാളത് കണ്ടത്.

ഒരു വാഴക്കുല.

ശുഷ്കമായ അഞ്ചാറ് പഴങ്ങൾ മാത്രമുള്ള മൂന്ന് പടലകളിലായി അതങ്ങനെ നിൽക്കുന്നു.

കൊല്ലും കൊലയും ഉണ്ടായിരുന്ന തറവാടായിരുന്നു. ഇപ്പോൾ ഈ കുല മാത്രമെയുള്ളു.

എന്തുചെയ്യാം സുകൃതക്ഷയം എന്ന് മനസിൽ പറഞ്ഞ് അയാളെഴുന്നേറ്റു. അപ്പോഴാണ് ഓടിളകി തലയിൽ വീണത്. പിന്നൊന്നും നോക്കിയില്ല. അടുക്കളയിലെത്തി മണ്ണെണ്ണയും തീപ്പെട്ടിയുമെടുത്ത് പുറത്തിറങ്ങി.

കാരണവന്മാരെ ധ്യാനിച്ച് പ്രേതാത്മാക്കൾ ആക്രമിക്കാതിരിക്കാൻ തറവാടിന്റെ മൂലതോറും നീട്ടി നിർത്തിയ ഇരുമ്പു കമ്പികളെ ധ്യാനിച്ച് മണ്ണെണ്ണ ഒഴിച്ച് അയാൾ തറവാടിന് തീയിട്ടു.

ആളിപ്പടർന്ന തീയിൽ നിന്നും പിന്നെ ഒരു ബീഡി കത്തിച്ചു.......

കഥ



# പൂമരവും സുമുഖിയും

**കൃഷ്ണകുമാർ മാപ്രാണം**

**ക**രകവിഞ്ഞൊഴുകി കുതിച്ചുപായുന്ന ചിത്രാനദിയുടെ ഗർത്തങ്ങളിലേയ്ക്ക് എടുത്ത് ചാടാനൊരുങ്ങുന്ന യുവതിയെ കണ്ട് നദിക്കരയിൽ പടർന്നു പന്തലിച്ചു നിന്നിരുന്ന പൂമരം ചോദിച്ചു

”എന്തു സാഹസമാണ് നീ ചെയ്യുന്നത് ...അരുത് ..”

നദിയിലേയ്ക്ക് ചാടാനൊരുങ്ങുന്ന അവൾ ഒരുനിമിഷം നിന്നു പിറകോട്ടു നോക്കി അവൾക്കാരെയും കാണാൻ കഴിഞ്ഞില്ല .

”ഹേ സുമുഖി നീയെന്നെ കാണുന്നില്ലേ ...”

അവളപ്പോഴാണ് കണ്ടത് പൂമരം ചില്ലകൾ താഴ്ത്തുന്നു.

അവൾക്കത്ഭുതമായി പൂമരം സംസാരിക്കുകയോ?

”നീ അത്ഭുതപ്പെടേണ്ട ഞാൻ തന്നെയാണ് നീ ഈ തണലിലേയ്ക്കു വന്നാലും ...”

യുവതിപൂമരത്തിനരികിലേയ്ക്കു അത്ഭുതത്തോടെ ചെന്നു നിന്നു .

പൂമരം പറഞ്ഞു

”ഈ നദിക്കരയിൽ എത്ര ആളുകൾ വന്നിരിക്കുന്നു .കുറെപേരെ ഞാൻ തിരിച്ചയച്ചിട്ടുണ്ട്. ചിലരാകട്ടെ എൻറെ വാക്കുകൾ കേൾക്കാതെ ഈ നദിയുടെ കയങ്ങളിലേയ്ക്ക് ആഴ്ന്നു പോയിട്ടുമുണ്ട്”

”പൂമരമേ ഈ നദിക്കരയിൽ പലരും വരുന്നത് ഒരെയൊരു ഉദ്ദേശത്തോടെയാണ്. എല്ലാ ആശകളും നഷ്ടപ്പെട്ടവളാണ് ഞാൻ .എനിക്കാരുമില്ല. ആർക്കും എന്നെ വേണ്ടാതായി. ഒറ്റയ്ക്കായ എന്നെ ആർക്കുവേണം ആർക്കും സ്നേഹമില്ല... മതിയായി എനിക്കീ ജീവിതം....‘

പുമരം അവളെ ആശ്വസിപ്പിച്ചു.

”എല്ലാവരും ഒറ്റയ്ക്കുതന്നെയാണ് എന്നാൽ ചില ബന്ധങ്ങൾ, നമ്മോടൊപ്പം ആരൊക്കെയോ ഉണ്ടെന്നുള്ള ഒരു ബോധം സൃഷ്ടിക്കുന്നു .നമ്മുടെ ജീവിതം നമുക്കു മാത്രമായിട്ടുള്ളതല്ല പലർക്കും വേണ്ടി കൂടിയുള്ളതാണ് .

സ്നേഹം ,സന്തോഷം , ദുഃഖം ഇതൊക്കെ മനസ്സിൻറെ ഓരോ സമയത്തെ അവസ്ഥകളും തോന്നലുകളുമാണ്. നമ്മുടെ മനോഭാവത്തിനനുസരിച്ച് അതിന്റെ തോതിന് വ്യത്യാസം വരും.

അതുപോലെ സ്നേഹിക്കുന്നില്ല ആർക്കും വേണ്ട എന്നതുമൊക്കെ വെറുതെ ചിന്തിച്ചു കൂട്ടുന്നതാണ്. നീ നിന്നെ പറ്റിമാത്രമേ ചിന്തിക്കുന്നുള്ളു അതുകൊണ്ടാണ് . നിനക്കൊരു കുടുംബവും ഭർത്താവും കുട്ടികളുമുണ്ട് നീ അവരെ കുറിച്ചു ചിന്തിച്ചില്ല."

"പൂമരമേ അവർക്കൊന്നും എന്നെവേണ്ട എനിക്കാരുമില്ല"

അവൾ പഴയ പല്ലവി തുടർന്നു. അവളെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ പൂമരം ഒരുപാടു ഉപദേശങ്ങൾ നൽകി

"നീ അറിയുന്നുണ്ടോ എല്ലാ ജീവജാലങ്ങൾക്കുമുണ്ട് സുഖവും ദുഃഖവും. അത് മാറിമറിഞ്ഞുവരും. രാവിനൊരു പകലുണ്ട് നീ സമാധാനത്തോടെ മടങ്ങിപോകുക .നിന്നെ കാണാതെ നിൻറെ വേണ്ടപ്പെട്ടവരൊക്കെ നിന്നെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അവർക്കൊന്നും സ്നേഹമില്ലാഞ്ഞിട്ടല്ല ... അതുകൊണ്ട് നീ മടങ്ങിപോകുക "

പൂമരത്തിൻറെ നിർബന്ധം മൂലം യുവതി തിരിച്ചുപോകുവാൻ തയ്യാറായി. പൂമരം പറഞ്ഞതുപോലെ അവളെ കാണാതെ ആ കുടുംബം അന്വേഷണമാരംഭിച്ചിരുന്നു.

പൂമരത്തിൻറെ വാക്കുകൾ ആശ്വാസം നൽകുന്നുണ്ടെന്ന കണ്ടെത്തലിൽ ആ നദിക്കരയിൽ പൂമരത്തിനരികിലേയ്ക്കു അവൾ ഇടയ്ക്കിടെ പോയികൊണ്ടിരുന്നു.

പൂമരത്തിൻറെ ഓരോ വാക്കും അവൾക്ക് ഊർജ്ജം നൽകുന്നതായിരുന്നു. നന്ദി സൂചകമായി അവൾ പൂമരത്തെ ആശ്ളേഷിച്ചു.

പിന്നെ എന്നും ആ പൂമരത്തിനരികിലേയ്ക്കു അവൾ ചെല്ലും. അതിൻറെ തണലിൽ അവൾക്ക് വളരെയധികം ആശ്വാസം തോന്നി. പൂക്കളുടെ മനം മയക്കും ഗന്ധം അവളെ ഉന്മേഷവതിയുമാക്കി .

പൂമരത്തിന് അവളുടെ സാമീപ്യം ഇഷ്ടപ്പെട്ടു .പൂമരം അവൾക്കുമേൽ എന്നും പൂക്കൾ വർഷിച്ചു .

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം അവൾ പറഞ്ഞു .

"നിൻറെ സാമീപ്യത്തിൽ ഞാനെന്തു മാത്രം മാറിയെന്നോ എനിക്കിപ്പോൾ എല്ലാവരുമുണ്ട് . എന്നെ എല്ലാവരും സ്നേഹിക്കുന്നുണ്ട് . എൻറെ ജീവിതം തിരിച്ചു നൽകിയതു നീയാണ്. നീ പകർന്ന ഊർജ്ജമാണ് എന്നെ വീണ്ടും ജീവിക്കാൻ പ്രേരിപ്പിച്ചത് "

പൂമരം തലയാട്ടി നിന്നു. അവൾ തുടർന്നു

"പുമരമേ എനിക്കൊരുപാടു ലക്ഷ്യങ്ങളും കടമകളുമുണ്ടെന്ന് തിരിച്ചറിയുന്നു. നിന്നെ ഒരിക്കലും മറക്കാനാവില്ല. എന്നാൽ ദുഃഖകരമായ ഒരു കാര്യം കൂടി എനിക്കു പറയുവാനുണ്ട്. എന്നെ സംബന്ധിച്ച് എനിക്കിതു പ്രധാനപ്പെട്ടതാണ്. ഞങ്ങൾ ഈ സ്ഥലത്തു നിന്നും ദൂരെ പട്ടണത്തിലേയ്ക്കു മാറിതാമസിക്കുകയാണ്. അതുകൊണ്ട് ഈ നദിക്കരയിൽ നിന്നോടൊത്തുള്ള അവസാനദിവസമാണ് ഇന്ന്.

അവൾ അതു പറഞ്ഞതും പൂമരം നിശബ്ദനായി

"പൂമരമേ നീ എന്താണ് ഒന്നും പറയാത്തത്. ഞാൻ പോകുന്നതിൽ നിനക്ക് വിഷമമുണ്ടോ...? നിന്നെഞാൻ ഒരിക്കലും മറക്കില്ലാട്ടോ....'

"നിനക്കു ശരിയെന്നു തോന്നുന്നതെന്ത്. അതു നീ ചെയ്യുക. നീ പോകുന്നതിൽ എനിക്കു വിഷമമുണ്ട്. ഇതിനു മുൻപ് എത്രയോ പേർ ഈ നദിക്കരയിൽ വന്നിരിക്കുന്നു. പക്ഷേ അവരോടൊന്നുമില്ലാത്ത ഒരു ഇഷ്ടം നിന്നോട് തോന്നിയിട്ടുണ്ട്. ഇത്രയും ദിവസം നിന്റെ സാമീപ്യം എന്നെയും സന്തോഷിപ്പിച്ചു....പക്ഷേ എനിക്കുവേണ്ടി നീ പോവാതിരിക്കരുത്.....ചെല്ലൂ...

ഇനി എപ്പോഴെങ്കിലും വരുകയാണെങ്കിൽ നമുക്കു കാണാം..."

അതും പറഞ്ഞ് പൂമരം കുറെ പൂക്കൾ അവളുടെമേൽ വർഷിച്ചു .അവൾ ഒരു കൂടന്നപൂക്കൾ വാരിയെടുത്ത് നെഞ്ചോടു ചേർത്തു.

പിന്നെ പൂമരത്തെ തലോടി യാത്രയായി .

അവളുടെ യാത്രയ്ക്കുശേഷം പൂമരത്തിൻറെ ഇലകൾ കൊഴിയാൻതുടങ്ങി. വേരുകൾക്ക് ബലക്ഷയം ബാധിക്കാനും തുടങ്ങി. പഴക്കമുണ്ടായിരുന്ന അതിൻറെ ശിഖരങ്ങൾ വേനലിൽ ഉണങ്ങാനും തുടങ്ങി .

വേനൽ കഴിഞ്ഞ് വർഷം പെയ്തിറങ്ങിയ ഒരു രാവിൽ മലവെള്ളപാച്ചലിൽ നദിക്കരയിലെ ആ പൂമരം കടപുഴകി നദിയിലേയ്ക്ക് വീണു . അതിൻറെ ചില്ലകൾ നദിചുഴിയിലേയ്ക്ക് വലിച്ചു കൊണ്ടുപോയി. മണ്ണിൽ ഒന്നും അവശേഷിപ്പിക്കാതെ ആ പൂമരം നദിയുടെ ഗതിയനുസരിച്ച് ഒഴുകിപോയി .

കുറച്ചു വർഷങ്ങൾക്കുശേഷം നദിക്കരയിൽ സുമുഖി പൂമരത്തെ അന്വേഷിച്ചു കൊണ്ടെത്തിചേർന്നു. അവളുടെ മനസ്സപ്പോൾ വല്ലാത്തൊരു അവസ്ഥയിലായിരുന്നു .ദുഃഖത്താൽ അവളാകെ തളർന്നുപോയിരുന്നു.

"പൂമരമേ ഞാൻ വീണ്ടും വന്നിരിക്കുന്നു. നിൻറെ ആശ്വാസവചനങ്ങൾക്കായി ..."


അവൾ പൂമരം നിന്നിരുന്ന ഭാഗത്തേയ്ക്കു നടന്നുപോയി .

പക്ഷേ...

# ചിലന്തിവല



മാഗ്ളിൻ ജാക്സൺ



എന്തൊരു മഴയാ കാറും കോളും കൊണ്ട് മേഘം നന്നായ് ഇരുണ്ടിട്ടുണ്ട്!

എന്താ രേണു കുട എടുത്തിട്ടില്ലേ?

കുട ഉണ്ട് ചേച്ചി ഈ കോരിച്ചൊരിയുന്ന മഴയത്തും കാറ്റിലും നനഞ്ഞു കുതിർന്നു പോകും.... തണുപ്പു ശരീരത്തിൽ ഏറ്റു കഴിഞ്ഞാൽ പിന്നേ തുമ്മലും തലവേദനയും തുടങ്ങും '

മരുന്നു ഒന്നും കഴിക്കുന്നില്ലേ ?

ഡോക്ടറെ കാണാൻ സമയം കിട്ടാറില്ല ചേച്ചി '

രാവിലെ അഞ്ചു മണിക്ക് എഴുന്നേറ്റു വീട്ടിലെ പണിയെല്ലാം തീർത്തിട്ടു വേണം ഓഫീസിൽ വരാൻ ഇവിടുത്തെ കാര്യം എല്ലാം ചേച്ചിക്കറിയാമല്ലോ ?

നിന്റെ കെട്ടിയോൻ അടുക്കളയിൽ നിന്നെ സഹായിക്കില്ലേ ?

ഇല്ല എല്ലാം പുള്ളിക്ക് കയ്യിൽ കൊണ്ടുപോയി കൊടുക്കണം ഒരു സഹായവും ചെയ്തു തരില്ല.

മോളാണെങ്കിൽ പത്താം ക്ലാസിലാ"

നീ വിഷമിക്കണ്ടാ എല്ലാം ശരിയാകും

ഞാൻ ഒരു ഓട്ടോ വിളിക്കാം നി

ന്നെ ഞാൻ ബസ്സ്സ്റ്റാന്റുവരെ ആക്കിത്തരാം വാ'

ഗിരിജ ചേച്ചിക്കൊപ്പം ഓഫീസിൽ നിന്നിറങ്ങി

വീട്ടിൽ എത്തിയപ്പം മണി ഏഴു കഴിഞ്ഞു !

ഓൺലൈൻ ക്ളാസായതു കൊണ്ട് മോളോട് ഒന്നു സംസാരിക്കാനോ ഒന്നിനും പറ്റുന്നില്ല !

വീട്ടുജോലി കഴിഞ്ഞു വരുമ്പം മോൾ ഉറങ്ങിയിട്ടുണ്ടാവും !

എന്താ നീ തന്നെ സംസാരിക്കുന്നത് ?

നമ്മുടെ മകൾക്കൊപ്പം കുറച്ചു സമയം ചിലവഴിക്കാൻ പറ്റുന്നില്ലല്ല ഈ ഓൺലൈൻ ക്ലാസുകാരണം "

ഈ വർഷം കൂടി കഴിഞ്ഞാൽ പിന്നേ പ്ലസ് വണ്ണിലേക്കാകും അല്ലോ ?

വാക്സിനേഷൻ വന്നതു കൊണ്ട് ഇനി രോഗ ശമനമുണ്ടാകും അപ്പോ സ്കൂളുകൾ ഒക്കെ തുറന്നു പ്രവർത്തിക്കുമായിരിക്കും"

ചേട്ടാ നമ്മൾ ഒക്കെ പഠിക്കുന്ന കാലത്ത്

പുസ്തകത്തിനൊക്കെ. ഇത്രയും വില ഉണ്ടായിരുന്നില്ലല്ലോ  ഇപ്പോ എന്താവില പത്താം ക്ലാസിലെ പുസ്തകത്തിന് !

എന്താ ഇപ്പം പുസ്തകത്തിന്റെ വിലയെ പറ്റി പറയാൻ കാരണം ?

മോള് ആയിരം രണ്ടായിരം ഒക്കെ പുസ്തകം

മേടിക്കാനാ എന്നു പറഞ്ഞു വാങ്ങുന്നുണ്ട് '

പുസ്തകം വാങ്ങിയൊ എന്നു ചോദിക്കുമ്പം വാങ്ങി എന്നു പറയും

അനുവിന്റെ സ്വഭാവത്തിൽ എന്തൊക്കെയൊ മാറ്റം കാണുന്നുണ്ട് !

ഭക്ഷണം കഴിക്കാൻ വിളിച്ചാൽ നമ്മൾക്കൊപ്പം വന്നു കഴിക്കാറില്ല

നമ്മുടെ കിലുക്കാംപെട്ടി മോള് എന്നോട് സംസാരിക്ക കൂടിയില്ല !

അവൾക്ക് ഒരു കുഴപ്പവും ഇല്ല !

എല്ലാം നിന്റെ തോന്നലാ

പത്താം ക്ലാസിലായതു. കൊണ്ടു പഠിക്കാൻ ഉണ്ടായിരിക്കും

കുഴപ്പം ഒന്നും ഇല്ലാതിരുന്നാൽ നല്ലത് !

ചേട്ടൻ കുടുംബകാര്യത്തിൽ ഇടപെടാറില്ലല്ല

അടുക്കളയിൽ ഒന്നു സഹായിക്കാറില്ല മോളുടെ പഠിത്തത്തിൽ എങ്കിലും ഒന്നു ശ്രദ്ധിച്ചൂടെ ?

ഓഫീസിലെ ജോലിത്തിരക്ക് തന്നെ എന്നെക്കൊണ്ടു താങ്ങാൻ കഴിയുന്നില്ല ഇനി മോളെ പഠിപ്പിക്കുക കൂടി ചെയ്യാഞ്ഞിട്ടാ

ഞാനും ജോലിക്കു പോകുന്നുണ്ട്

എനിക്കും ഉണ്ട് ടെൻഷൻ ഞാൻ ആരോടും പരിഭവവും പരാതിയും പറയാൻ വന്നിട്ടില്ലല്ല

മോളുടെ പഠിത്തത്തിൽ ഒന്നു ശ്രദ്ധിക്കാൻ പറഞ്ഞതിനാ ഇത്ര കിടന്നു

ഒച്ച വയ്ക്കുന്നത് '

രാവിലെ രേണു മകളുടെ മുറിയുടെ വാതിലിൽ മുട്ടി വിളിച്ചു....

ഉറക്കച്ചടവോടെ അനു വന്നു വാതിൽ തുറന്നു '

എന്താ ഉറങ്ങാനും സമ്മതിക്കില്ലേ ?

നീ നേരത്തേ തന്നെ കിടന്നുറങ്ങുമല്ലോ?

പിന്നേ രാവിലെ എഴുന്നേറ്റാൽ എന്താ ?

അമ്മയ്ക്ക് ഇപ്പം എന്താ വേണ്ടേ ?

നിന്നെ മുറിക്കു വെളിയിൽ കാണാറില്ല. ഞാനും പത്താം ക്ലാസു കഴിഞ്ഞു വന്നതാ

നിനക്കു മാത്രം എന്താ ഇത്ര പഠിക്കാൻ ?

ഒന്നു പോകുന്നുണ്ടോ ഇവിടെ നിന്ന് !

അവൾ ഉടനെ വാതിൽ വലിച്ചടച്ചു '

ഇവൾക്കിതെന്തു പറ്റി ?

ഇങ്ങിനെയല്ലായിരുന്നു അനു

അമ്മയെ അവൾക്കു ജീവനായിരുന്നു !

അനുവിൽ വന്ന മാറ്റം രേണുവിനെ മാനസികമായി വല്ലാതെ തളർത്തി '

രേണു എന്താ ഭക്ഷണം കഴിക്കാൻ വരുന്നില്ലേ ? ഗിരിജ ചോദിച്ചു.

രേണു യാന്ത്രികമായ് ചോറു പാത്രം കയ്യിൽ എടുത്തു ഗിരിജയ്ക്കൊപ്പം നടന്നു

രേണു നിനക്കെന്തു പറ്റി ?

രേണുവിന്റെ കണ്ണിൽ നിന്നും മഴവെള്ളം പോലെ കണ്ണുനീർ ചാലുകളായ് ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു !

കരയാതെ  രേണു..... എന്താ നിന്നെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം എന്നോടു പറ നമുക്ക് പരിഹാരം ഉണ്ടാക്കാം !

അനുവിന്റെ സ്വഭാവത്തിൽ വന്നിരിക്കുന്ന മാറ്റം ഗിരിജ യോടു പറഞ്ഞു !

രേണു ഇന്നു മുതൽ അവളെ നീ നല്ലതുപോലെ ശ്രദ്ധിക്കണം അവൾ മുറിയിലി

രുന്ന് പഠിക്കുകയാണോ?
അതോ വല്ലെ ഗെയിം കളിക്കുകയാണോ എന്ന് "

രാത്രി അനുവിന്റെ മുറിയിൽ ബെഡ് ലാമ്പിന്റെ വെളിച്ചം കണ്ട് രേണു താക്കോൽ പഴുതിലൂടെ ഒളിഞ്ഞു നോക്കി !

തനിക്ക് തന്റെ കണ്ണുകളെ വിശ്വാസിക്കാൻ കഴിയുന്നില്ല അകത്തെ കാഴ്ചകണ്ടിട്ട് !

തന്റെ പൊന്നു മോൾ നൂൽ ബന്ധമില്ലാതെ കിടന്നു എന്തൊക്കെയൊ കാട്ടിക്കൂട്ടുന്നു ! വീഡിയോ കോളാണ് ഒരു ചെറുപ്പക്കാരൻ മറുതലക്കൽ അവനും നഗ്നനാണ് കൂടുതൽ നേരം നോക്കി നിൽക്കാൻ കഴിഞ്ഞില്ല

കട്ടിലിൽ വന്നു കിടന്നു പൊട്ടിക്കരഞ്ഞു രേണു. ഗോപി നല്ല ഉറക്കത്തിലാ !

രേണു ഓഫീസിൽ ലീവു വിളിച്ചു പറഞ്ഞു.

അനു കുളിക്കാൻ പോയ സമയത്ത് ഫോൺ രേണു കൈക്കലാക്കി.

ഫോൺ ലോക്കല്ലായിരുന്നു. ബാത്തുറൂമിലേക്കുള്ള വെള്ളത്തിന്റെ പൈപ്പ് പൂട്ടിയിട്ടു കുറച്ചുനേരം ബാത്ത്റൂമിൽ നിൽക്കട്ടെ അവൾ ....രേണു ആത്മഗതം ചെയ്തു

അമ്മേ പൈപ്പിൽ വെള്ളംവരുന്നില്ല

കരന്റില്ല മോട്ടർ ഓൺ ചെയ്യാൻ പറ്റില്ല'

ഫോണിൽ സേവ് ചെയ്തിരിക്കുന്നത് ഹണി എന്ന പേരിലാണ് ! ആ നമ്പറിലേക്ക് വിളിച്ചു.

മറുതലക്കൽ നിന്നും ...എന്താ മുത്തേ നിനക്ക് മതിയായില്ലേ ഞാൻ ആകെ ക്ഷീണിതനാണ് ഇനിരാത്രിയാവട്ടെ . ഞാൻ ചോദിച്ച പണം മുത്തു തന്നില്ലല്ലോ പെട്ടെന്നു തരണേ.... ഉമ്മ ഉമ്മ . രാത്രി കാണാട്ടോ '.

ഗ്യാലറിയിൽ നോക്കിയപ്പം അനുവിന്റെ യും.അവന്റെയുംഫോട്ടോയും വീഡിയോകളും എല്ലാം അശ്ലീലമായിട്ടുള്ളത്

പുതുതലമുറയിലുള്ള പിള്ളേർ കാട്ടി കൂട്ടുന്ന കോപ്രായം എന്തൊക്കെയാണ് ഈശ്വരാ !

ഗ്യാലറിയിലുള്ള ഫോട്ടോയും വീഡിയോയും എല്ലാം രേണു തന്റെ മൊബൈലിലേക്ക് മാറ്റി ഫോൺ യഥാസ്ഥാനത്ത് വെച്ചു. ബാത്ത്റൂമിന്റെ പൈപ്പ് തുറന്നു വിട്ടു

അനുവിന്റെ വീഡിയോയും ഫോട്ടോയും ഡി ലീറ്റ്ചെയ്തു കളഞ്ഞു !

വിനാഗിരിയും വെള്ളവും മിക്സ് ചെയ്ത് .അനുവിന്റെ ഫോണിൽ ഒഴിച്ചു ഇനി അവളുടെ ഫോൺ വർക്കു ചെയ്യില്ല'

കുളി കഴിഞ്ഞു അനു വന്നു !

അനുവിനെ കണ്ടപ്പം അറപ്പും വെറുപ്പും തോന്നി .... സംയമനം പാലിച്ചു.

മോൾക്ക് ക്ലാസില്ലെ ഇന്ന് ?

മൂന്നു മണിക്കാ 'ടീച്ചർ എവിടെയൊ പുറത്തു പോയിരിക്കുകയാ '

ഉം.. എന്നു മൂളി ....

ഗിരിജ ചേച്ചിയെവിളിച്ചു കാര്യം പറഞ്ഞു '

രേണു നീ നാലു മണിക്ക് ചെമ്പു മുക്കിൽ

വരു അതിനടുത്ത് കുട്ടികളെ കൗൺസിലിംഗ് നടത്തുന്ന ഒരു ഫാമിലിയുണ്ട്..... ശരി നാലു മണിക്കു കാണാം

എന്റെ ഫോൺ ഓഫായിപ്പോയി ഞാൻ ക്ലാസിലെങ്ങിനെ കയറും

ചാർജ് ഉണ്ടോ ഫോണിൽ ?

ഓണാവുന്നില്ല '

ഇങ്ങുതാ ഞാൻ ശരിയാക്കിക്കൊണ്ടുത്തരാം '

എന്റെ കയ്യിൽ ഫോൺ തരുമ്പോൾ അവളുടെ മുഖഭാവം ആകെ മാറി

,രേണു ഗിരിജയെ കാത്തു ബസ്സ് സ്റ്റോപ്പിൽ നിന്നു നാലു മണി കഴിഞ്ഞപ്പം ഗിരിജ എത്തി

രണ്ടു പേരും കൂടി ഗിരിജയുടെ സ്കൂട്ടറിൽ യാത്രയായി '

ചുവന്നകൽ പ്പൊടി പാതയിലൂടെ സ്കൂട്ടർ പൊയ്ക്കൊണ്ടിരുന്നു രണ്ടു പേരിലും മൗനം മൂടുപടമണിഞ്ഞിരിന്നു !

രേണുവിന്റെ മനസ്സിൽ തീക്കനലിട്ടു പൊള്ളുന്ന വേദനയായിരിന്നു '

പല ക്ഷേത്രങ്ങളിലും വഴിപാട് കഴിച്ചു കിട്ടിയ മോളാ.. അവളുടെ ഫോട്ടോയും വീഡിയോയും സോഷ്യൽ മീഡിയയിൽ വന്നാൽ പിന്നേ ആത്മഹത്യയെ ഉള്ളു ശരണം !

ഒരു രണ്ടു നില വീടിനു മുൻപിൽ സ്കൂട്ടർ നിർത്തി രണ്ടു പേരും ഇറങ്ങി !

കോളിങ്ങ് ബെല്ലടിച്ചു . കതകു തുറന്നു പ്രൗഢയായ മദ്ധ്യവയ്സ്കയായഒരു സ്ത്രീ വന്നു അകത്തേക്ക് ക്ഷണിച്ചു

രണ്ടു പേരും സോഫയിൽ ഇരുന്നു

കുറച്ചു കഴിഞ്ഞ് കൗൺസിലിങ്ങ് ചെയ്യുന്ന ഡോക്ടർ വന്നു. ബഹുമാനപുരസ്സരം

ഞങ്ങൾ എഴുന്നേറ്റു ... ഡോക്ടർ ഞങ്ങളോട് ഇരിക്കാൻ പറഞ്ഞു !

കാര്യങ്ങൾ എല്ലാം ഡോക്ടറോട് പറഞ്ഞു. മൊബൈൽ ഡോക്ടറുടെ കയ്യിൽ കൊടുത്തു !

നിങ്ങൾ നാളെ മോളെ കൂട്ടി വരണം . ഇന്നു മൊബൈൽ ഇല്ലാത്തതു കൊണ്ടു കുറച്ചു പ്രശ്നങ്ങളൊക്കെ ഉണ്ടാകും. നിങ്ങൾ മകൾ ക്കൊപ്പം ഉണ്ടാകണം..... പയ്യന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം '

നന്ദി ഡോക്ടർ ....

ഡോക്ടറോടു യാത്ര പറഞ്ഞു രണ്ടു പേരും ഇറങ്ങി

ഗോപി ഏട്ടനെ വീഡിയൊ ഫോട്ടോ എല്ലാം കാണിച്ചു കൊടുത്തു... ഇതെല്ലാം കണ്ടതിനു ശേഷം ഗോപി ഏട്ടനു സംസാര ശേഷി നഷ്ടമായ പോലെ . വാക്കുകൾ പുറത്തേക്ക് വരുന്നില്ല

അനുരാത്രി ഉറങ്ങിയില്ലയെന്നു തോന്നുന്നു

കണ്ണും മുഖവും വീർത്തിരിക്കുന്നു....

എന്റെ ഫോൺ എപ്പോ കിട്ടും ?

ഇന്നു തരാമെന്നു പറഞ്ഞിട്ടുണ്ട്...

ഇന്നു എന്റെ കൂട്ടുകാരിയുടെ മോളുടെ വിവാഹമാണ് അച്ഛൻ ഇന്നു ഓഫീസിൽ പോയിട്ടില്ല മോളു കുളിച്ചൊരുങ്ങി വാ "

ഞാൻ വരുന്നില്ല

ഫോൺ വേണ്ടേ നിനക്ക് !

മറുപടി ഒന്നും പറയാതെ അവൾ അകത്തേയ്ക്കു പോയ് !

കൃത്യസമയത്തു തന്നെ ഡോക്ടറുടെ വീട്ടിൽ എത്തി !

അനു അകത്തേയ്ക്കു വരു

അനു ഒന്നും മനസ്സിലാകാത്ത പോലെ എന്റെയും ഏട്ടന്റെയും മുഖത്തേയ്ക്കു നോക്കി !

പോയിട്ടു വാ എന്ന് ആംഗ്യ ഭാഷയിൽ അവൾക്കു മറുപടി കൊടുത്തു

മണിക്കൂറുകൾക്ക് ശേഷം ഡോക്ടറുടെ മുറിയിൽ നിന്നുവന്ന അനുവിന്റെ മുഖത്ത് സന്തോഷം തിരതല്ലുന്നതു കണ്ടു ! ഏട്ടനെയും എന്നെയും അവൾ വന്നു കെട്ടിപ്പിടിച്ചു ഉമ്മ വെച്ചു

പെട്ടെന്നു അവളിൽ വന്ന മാറ്റം ഞങ്ങളെഅത്ഭുതപ്പെടുത്തി

അച്ഛയേയും അമ്മയേയും ഡോക്ടർ ചെല്ലാൻ പറഞ്ഞു !

ഇതു പറഞ്ഞു ടിപ്പോയിൽ കിടന്ന ഒരു വീക്കിലി എടുത്തു മറിച്ചു

നോക്കാൻ തുടങ്ങി !

വരു ഇരിക്കു.. അനു ഇങ്ങിനെയുള്ള കൂട്ടുകെട്ടിൽ ഇനി ചെന്നു വീഴില്ല !

അനു അവന്റെ

മൂന്നാ മത്തെ ഇരയായിരുന്നു !

ഞാൻ എല്ലാം പറഞ്ഞു മനസ്സിലാക്കി കൊടുത്തിട്ടുണ്ട്. മാതാപിതാക്കളായ നിങ്ങൾ ശ്രദ്ധിക്കേണ്ടത് . കുട്ടികൾ ഓൺലൈൻ ക്ലാസിൽ ഇരിക്കുമ്പോൾ ഇടയ്ക്ക് അവരെ ഒന്നു പോയ് നോക്കണം !

ഞങ്ങൾ രണ്ടു പേരും ജോലിക്കു പോകുന്നവരാണ് ഡോക്ടർ. ഗോപി പറഞ്ഞു നിർത്തി !

ശരി തന്നെ .വൈകിട്ടു വന്നാൽ ഫോൺ ഒന്നു പരിശോധിക്കണം. മക്കളുടെ കൂടെ കുറച്ചു സമയം ചിലവഴിക്കണം ' കുട്ടികൾ കൂടുതലും ചതിക്കുഴിയിൽപ്പെടുന്നതിനു കാരണം മാതാപിതാക്കളാണ് അനുവിനു പുസ്തകം വാങ്ങാൻ പണം കൊടുത്തിട്ടു പുസ്തകം വാങ്ങിയൊ എന്നു നിങ്ങൾ അന്വേഷിച്ചോ ?

അനുവിനെ ബ്ലാക്ക്മെയിൽ ചെയ്ത് പണം തട്ടിയെടുക്കുകയായിരുന്നു അവന്റെ ലക്ഷ്യം. അനു അവനു പല പ്രാവശ്യമായിട്ടു പണം നൽകിയിട്ടുണ്ട് ! മട്ടമ്മ കവലയിൽ പോയാണ് പണം നൽകിയിരുന്നത് !

ഒരിക്കലും നിങ്ങൾ അനുവിനോടു ഇതേ പറ്റി സംസാരിക്കരുത് എപ്പോഴും മകളുടെ മേൽ ഒരു കണ്ണു വേണം ഇനിയും ഇതേ പോലുള്ള ട്രാക്കിൽ പെടാതെ മോളെ സൂക്ഷിക്കണം...

ശരി സന്തോഷമായ് പൊയ്ക്കൊള്ളു.

അനു മോളേയും കൂട്ടി സന്തോഷത്തോടെ വീട്ടിലേക്ക് യാത്രയായ്



സുഹൈൽ ജഫനി

# കാഴ്ച്ച


വീട്ടിലെ വിദ്യാലയത്തിന് വിരാമമായി.
പാഠശാലയിലെ പതിവ് കാഴ്ച
കണ്ണിലിടം പിടിച്ചിരിപ്പാണ്.
നടപ്പാതകൾ അടിമുടി
മാറ്റം നുണഞ്ഞിട്ടുണ്ട്.
ഗ്രില്ലിൽ തുരുമ്പാൽ തറവരെ
കറപുരണ്ടിട്ടുണ്ട്.
മറവിയുടെ മറ മുറ്റമാകെ
നിഴലിക്കുന്നുണ്ട്.
പച്ചപ്പുല്ലാൽ ഗ്രൗണ്ടിൽ പശുക്കൾ
പശിയടക്കുന്നുണ്ട്.
അടികൂടിയ വരാന്തകൾ മാറാലയുടെ
കെണിക്കൂട്ടിൽ ആണ്.
പടികളിൽ പൊടിയുടെ
പൊടിപൂരമാണ്.
ക്ലാസ്സ്റൂമിലെ മങ്ങിയ ബൾബിൽ
ഫാനിൻ പൊടിക്കാറ്റ് ആസ്വദിക്കാം.
ചോക്ക് തെളിഞ്ഞ ബോർഡ്
അടർന്നു വീഴാനിരിപ്പാണ്.
ചുരണ്ടിപ്പഠിച്ച ഡെസ്കുകൾ
ചുരുണ്ട് മൂലയിൽ ഇരിപ്പുണ്ട്.
ഭാരംചുമന്ന ബെഞ്ചുകൾ
വികലാംഗ പെൻഷനപേക്ഷിച്ചിട്ടുണ്ട്.
വരപഠിച്ച ശൗചാലയം
പുതുകലാകാരന്മാരെ കാത്തിരിപ്പാണ്.
ലൈബ്രറി പുസ്തകങ്ങൾ
ചിതൽ ചവച്ച്തുപ്പിയിട്ടുണ്ട്.
മരച്ചുവട്ടിലെ സ്നേഹസല്ലാപമിനി
ആകാശവും കാണും.
ഊട്ടുപുരയിലെ പാത്രങ്ങൾ
കഥപറഞ്ഞ് വിശ്രമത്തിലാണ്.
അനുഭവിച്ച് തീർക്കാൻ ഇനിയുമൊരുപാട്...
വിദ്യ നുകർന്ന ഇടം
വാചാലതയുടെ പിരിമുറുക്കത്തിലാണ്.



# തിരുത്ത്



**ശഫീഖ് അബ്ദുല്ല**
**പരപ്പനങ്ങാടി**



കത്തി കൊണ്ട് വരച്ചുവെച്ച
ചിത്രങ്ങളിലറ്റുവീണ
പൂക്കളെ നോക്കിയാരാണ്
പ്രണയമെന്ന് വിളിച്ചത്?

ഒരൊറ്റ കയറിന്റെ രണ്ടറ്റത്ത്,
ഒരു മരത്തിന്റെയൊരേകൊമ്പിൽ
ഒരുമയിലലിഞ്ഞു ചേർന്നതിനെയാരാണ്
പ്രണയമെന്ന് വിളിച്ചത്?

ആളിക്കത്തിയ തീയിൽ
കണ്ടുതീരാത്ത സ്വപ്നങ്ങൾ
എരിഞ്ഞൊടുങ്ങിയതിനെയാരാണ്
പ്രണയമെന്ന് വിളിച്ചത്?

ഹൃദയത്തിനപ്പുറം പലതും
പങ്കുവെക്കേണ്ടി വന്നതിൽപ്പിന്നെ
പറന്നകന്നതിനെയാരാണ്
പ്രണയമെന്ന് വിളിച്ചത്?

കാലങ്ങൾക്കിപ്പുറം,
കാതലുള്ളൊരാ വാക്കിനെ
കടയ്ക്കൽ കത്തിവെച്ചിട്ടാരാണ്
നിർവചനം മാറ്റിയെഴുതിയത്?





താര പ്രഭാകർ

# അപരിചിതർ

പഴയ ദിവസം വലിച്ചെറിഞ്ഞ് ...
പ്രാണന്റെ നേരിനെ
തേടുന്ന യാത്രയിൽ
പരിചയമില്ലാതെ വന്നവൻ
പണ്ടെങ്ങോ കണ്ടു മറന്ന
പോലെ ....

അജ്ഞാതമാം യാത്രയിലൂടെ ..
അപരിചതത്വം കളഞ്ഞു
ഞങ്ങൾ ....
അലക്ഷ്യമായ് നടന്നു നീങ്ങി
അനാഥമാം രണ്ട് ജന്മങ്ങൾ പോലെ ....

വിഭിന്നരൂപങ്ങൾ
തട്ടിമാറ്റി .....
വേദനയിൽ മുങ്ങും
മനസ്സുമായ് ...

വീണുകിടന്ന പൈശാചികതയെ ..'
വലിച്ചു കീറി നടന്നു
നീങ്ങി .....

ഇരവിൻ നിശബ്ദതയിൽ
ഇരുളിന്നാത്മാവ്
ഇഴഞ്ഞു മാറി ......
ഇടതു കൈകൾ അമർന്നുയർന്നു :
ഇരുധ്രുവങ്ങളിലായ് ....
ശ്വാസനിശ്വാസങ്ങൾ ..

ആത്മാവിൻ അട്ടഹാസങ്ങൾ ദിക്കിലെങ്ങും ....
അലറി വിളിക്കുന്നു
പ്രേതവനങ്ങൾ ...

അർധധ്വനിയിൽ മനസ്സുകൾ രണ്ടും
അനന്തതയിലെങ്ങോ
ലയിച്ചു പോയ് ....